# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ദേലംപാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി7/605/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേലംപാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി7/605/2021 തീയ്യതി: 28/09/2021

## കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയരക്ടർ | 24-08-2021 | 02-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 02-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസര്
ശ്രീ.വിനോദ് കുമാർ വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കുഞ്ഞികൃഷ്ണൻ കെ സി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസര്

ശ്രീ.ജനാർദ്ദനൻ സ ി .സ ിന ിയർ ഗ്രേഡ് ഓഡ ിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ).മുസ്തഫ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| അഡ്വ.എ).പി,ഉഷ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഗീതാകുമാരി ആർ | സെക്രട്ടറി | 01-04-2020 | 21-05-2020 |
| ഹംസ.എം അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-05-2020 | 05-06-2020 |
| ഗീതാകുമാരി ആർ | സെക്രട്ടറി | 06-06-2020 | 30-11-2020 |
| ഹംസ.എം അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2020 | 17-12-2020 |
| ഗീതാകുമാരി ആർ | സെക്രട്ടറി | 18-12-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| രാധാകൃഷ്ണ നായിക് | പ്രധാനാധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.സരള.എ) | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| അശോകൻ എ) | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ജയരാജ് .പി കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.വിനീത് .കെ | വെറ്റിനറി സർജ്ജൻ | 01-04-2020 | 08-07-2020 |
| ഡോ.അഖിൽ ജോർജ് | വെറ്റിനറി സർജ്ജൻ | 09-07-2020 | 31-03-2021 |
| ഡോ.ലേഖ | മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഹംസ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| അനിൽ കുമാർ എ ജി | ഫിഷരീഷ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ബിന്ദു.കെ.എം | ൈഎ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.മോഹമ്മദ് ഇംപ്തിയാസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 10-11-2020 |
| ഡോ.ചെന്നഗേശ്വർ.വി. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 11-11-2020 | 22-03-2021 |
| ഡോ.മോഹമ്മദ് ഇംപ്തിയാസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 23-03-2021 | 31-03-2021 |
| അജീബ എസ് | കൃഷി ഓഫീസർ | 01-04-2020 | 26-10-2020 |
| ഗിരീഷ് ബി | കൃഷി ഓഫീസർ | 27-10-2020 | 24-03-2021 |
| സൂരജ് എൻ | കൃഷി ഓഫീസർ | 25-03-2021 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 31-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2 |
| 3 | മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിശദാംശങ്ങൾ ഇല്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-1 |
| 4 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-2 |
| 5 | ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക യഥാസമയം അടച്ചിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-3 |
| 6 | KURDFC ലോണിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-4 |
| 7 | തിരികെ കൊടുക്കാനുള്ള തുകകളുടെ കണക്കുകളിൽ ക്രമീകരണങ്ങൾ ആവശ്യമാണ്<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-5 |
| 8 | കാലഹരണപ്പെട്ട ചെക്കുകളുടെ കണക്കിൽ അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-6 |
| 9 | ബാങ്ക് അക്കൗണ്ടിലെ ചില വരവു തുകകൾ - മറ്റു ബാദ്ധ്യതകൾ എന്ന കണക്കിൽ ചേർത്തു<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-7 |
| 10 | അഡ്വാൻസുകളുടെ കണക്കുകളിൽ ക്രമീകരണവും തുടർ നടപടികളും ആവശ്യമാണ്<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-8 |
| 11 | സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-9 |
| 12 | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-10 |
| 13 | ജേർണൽ എൻട്രികൾ ആധികാരികമല്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-11 |
| 14 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 24-09-2021) | 1-2-12 |
| 15 | | 1-2-13 |

| | | |
|---|---|---|
| | അക്കൗണ്ടിംഗ് സംബന്ധിച്ച ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | |
| 16 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-2-14 |
| 17 | പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് കേന്ദ്ര സർക്കാർ ഫണ്ടുകളുടെ കണക്കിൽ ചേർത്തിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-15 |
| 18 | പൂർത്തിയായ ജലനിധി പദ്ധതിയുടെ ബാക്കി ഫണ്ട് ബാദ്ധ്യതയായി നില നിർത്തുന്നു.<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-16 |
| 19 | പെൻഷൻ ഇനങ്ങളുടെ വരുമാനം ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ ചേർത്തിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 17-09-2021) | 1-2-17 |
| 20 | സാമ്പത്തിക വിശകലനം<br>Written By: Vinod Kumar. V (Asst. Audit Officer, On 05-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 16-09-2021) | 1-3 |
| 21 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-4 |
| 22 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 31-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-5 |
| 23 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babu M (Senior Grade Auditor, On 31-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-6 |
| 24 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Yadavakumara. C.H (Asst. Audit Officer, On 31-08-2021)<br>Last Updated By: Yadavakumara. C.H (Asst. Audit Officer, On 31-08-2021) | 1-7 |
| 25 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 26-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-9 |
| 27 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 01-09-2021)<br>Last Updated By: Jayananda. H (Audit Officer, On 01-09-2021) | 1-10 |
| 28 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 31-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-11 |
| 29 | നെൽകൃഷി കൂലി ചെലവ് പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ<br>Written By: Babu M (Senior Grade Auditor, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-12 |
| 30 | നെൽ വിത്ത് വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Babu M (Senior Grade Auditor, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-13 |

| | | |
|---|---|---|
| 31 | ഡെപ്പോസിറ്റ് വർക്ക്-വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-14 |
| 32 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-15 |
| 33 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-16 |
| 34 | ഐ.കെ.എം.ന് പഞ്ചായത്ത് വിഹിതം നൽകൽ-<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-17 |
| 35 | എ.ബി.സി. പരിപാടി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-18 |
| 36 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-19 |
| 37 | വന ഭൂമി വിട്ടു നൽകിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-20 |
| 38 | പി.എച്ച്.സി.പുതിയ കെട്ടിട വൈദ്യുതികരണം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-21 |
| 39 | ഓൺ ലൈൻ വിദ്യാഭ്യാസത്തിന് ടി.വി.വാങ്ങൽ -അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-22 |
| 40 | ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-23 |
| 41 | വീട്ടു വളപ്പിൽ മത്സ്യ കൃഷി /ബയോ ഫ്ലോക്ക് മത്സ്യ കൃഷി - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-24 |
| 42 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ - രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-25 |
| 43 | കെട്ടിട നിർമ്മാണം - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.<br>Written By: Janardanan C (Senior Grade Auditor, On 02-09-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 02-09-2021) | 1-26 |
| 44 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 1-27 |
| 45 | വയോമിത്രം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-28 |

| | | |
|---|---|---|
| | Written By: Yadavakumara. C.H (Asst. Audit Officer, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | |
| 46 | പി.എച്ച്.സിക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-29 |
| 47 | ടി.ബി.രോഗികൾക്ക് പോഷകാഹാരം വിതരണം - രേഖകൾ ഹാജരാക്കിയില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-30 |
| 48 | പി.എച്ച്.സി. മാലിന്യ സംസ്ക്കരണം ഹരിത കേരളം - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-31 |
| 49 | ഭിന്നശേഷിക്കാർക്ക് വീൽ ചെയർ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-32 |
| 50 | ആരോഗ്യ ബോധവൽക്കരണ ചുമരെഴുത്ത് - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-09-2021) | 1-33 |
| 51 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ക്വട്ടേഷൻ, മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-34 |
| 52 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 23-09-2021) | 1-35 |
| 53 | അസിസ്റ്റന്റ് എഞ്ചിനീയർ - ചില ഫയലുകൾ / വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 04-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-36 |
| 54 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി - കൃത്യമായി യോഗം ചേരുന്നില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-37 |
| 55 | വയോജനങ്ങൾക്ക് കട്ടിൽ- നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-38 |
| 56 | അഗതി രഹിത കേരളം (DFA)- പ്രവർത്തനം മന്ദഗതിയിൽ - ചെലവഴിക്കുവാൻ അവശേഷിക്കുന്നത് - 12,60,610/- ലക്ഷം രൂപ<br>Written By: Yadavakumara. C.H (Asst. Audit Officer, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-39 |
| 57 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം(ടി.എസ്.പി) - അപാകതകൾ<br>Written By: Gopalakrishna Nayik (Audit Officer, On 02-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-40 |
| 58 | ലംപ്സം പ്രോവിഷൻ വച്ച് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ് | 1-41 |

| | | |
|---|---|---|
| | Written By: Vinod Kumar. V (Asst. Audit Officer, On 04-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | |
| 59 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ആദായ നികുതി-നിരക്കിൽ കുറവ്- കേന്ദ്ര സർക്കാരിന് നഷ്ടം<br>Written By: Vinod Kumar. V (Asst. Audit Officer, On 04-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-42 |
| 60 | മരാമത്ത് പ്രവൃത്തികളിൽ കിളച്ചു മാറ്റിയ മണ്ണ് റോയൽറ്റി അടക്കാതെയും ട്രാൻസിറ്റ് പാസ് ഇല്ലാതെയും വിൽപ്പന നടത്തി-സർക്കാരിന് നഷ്ടം<br>Written By: Vinod Kumar. V (Asst. Audit Officer, On 04-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-43 |
| 61 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Vinod Kumar. V (Asst. Audit Officer, On 04-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-09-2021) | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ലംപ്സം പ്രോവിഷൻ വച്ച് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്<br>Written By: Gopalakrishna Nayik (Audit Officer, On 24-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 24-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 26-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Gopalakrishna Nayik (Audit Officer, On 30-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 31-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Gopalakrishna Nayik (Audit Officer, On 26-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 26-08-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Gopalakrishna Nayik (Audit Officer, On 30-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 26-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 26-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Gopalakrishna Nayik (Audit Officer, On 31-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 31-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Gopalakrishna Nayik (Audit Officer, On 31-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 30-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 30-08-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 30-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gopalakrishna Nayik (Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2020-21 | |
| 3 | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2020-21 | |
| 4 | 31.03.2021 ലെ ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2020 – 21 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/65/2020 തീയതി 19-03-2020 | 1/52/2021 തീയതി 19-02-2021 |
| മുന്നിരിപ്പ് | 93,80,995 | 1,47,07,626 |
| വരവ് | 19,41,34,000 | 20,91,38,135 |
| ആകെ | 20,35,14,995 | 22,38,45,761 |
| ചെലവ് | 19,90,39,046 | 22,20,90,531 |
| നീക്കിയിരിപ്പ് | 44,75,949 | 17,55,230 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിലെ അപാകതകൾ

ദേലമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ധനകാര്യ പത്രിക 21.06.2021-ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട നിരീക്ഷണങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിശദാംശങ്ങൾ ഇല്ല

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320700204- Contributions For Joint Venture Projects For Revenue Expenditure From Block Panchayats എന്ന കണക്കിൽ 3,23,588/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ബലക്കില – പഞ്ചള റോഡിനു വേണ്ടി ലഭിച്ച 5,00,000/- രൂപ ഈ കണക്കിലാണ് ഉൾപെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും 4,47,284/- രൂപ ചെലവായതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിൽ ബാക്കിയുള്ള 52,716/- രൂപയുടെ വിവരം മാത്രമേ നീക്കിയിരിപ്പുള്ള 3,23,588 രൂപയിൽ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകകളുടെ വിവരങ്ങൾ കണ്ടെത്തി ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകാനുള്ള തുകകൾ തിരികെ നൽകേണ്ടതാണ്. ബാക്കിയുള്ള തുകകൾ അതാത് ആവശ്യങ്ങൾക്ക വേണ്ടി ചെലവഴിക്കേണ്ടതുമാണ്. കൂടാതെ റോഡ് പ്രവൃത്തികൾക്ക് ലഭിക്കുന്ന തുകകൾ Revenue Expenditure ന് വേണ്ടിയുള്ള വിഹിതം എന്ന കണക്കാക്കുന്നത് ശരിയല്ല. ക്യാപ്പിറ്റൽ ചെലവുകളും റവന്യൂ ചെലവുകളും ശരിയായി വേർ തിരിച്ച് കൊണ്ട് തന്നെ അക്കൗണ്ടിംഗ് നടത്തേണ്ടതാണ്.

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320700205- Contributions For Joint Venture Projects For Revenue Expenditure From District Panchayats എന്ന കണക്കിൽ 1,49,730/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ഈ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ഈ തുക ഉടൻ ക്രമീകരിക്കേണ്ടതാണ്.

1-2-2 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ നിർവഹണ ഉദ്യോഗസ്ഥൻമാർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഉദ്പാദന മേഖലയിൽ കൃഷി ഓഫീസറും വെറ്ററിനറി സർജനും നടപ്പിലാക്കിയ മിക്ക പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. ഈ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മൊത്തം ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

1-2-3 ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക യഥാസമയം അടച്ചിട്ടില്ല

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320800299- Donations To Flood എന്ന കണക്കിൽ 7,364/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. 21.08.2018 മുതൽ ജീവനക്കാരിൽ നിന്നും പൊതു ജനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വേണ്ടി സമാഹരിച്ച തുകകളിൽ ദുരിതാശ്വാസ നിധിയിൽ അടക്കാൻ ബാക്കിയുള്ള തുകയാണ് ഇത്. 09.07.2019 നാണ് ഈ തുകയിൽ നിന്ന് അവസാനമായി ദുരിതാശ്വാസ നിധിയിലേക്ക് തുക അടച്ചിട്ടുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക സമയത്ത് അടക്കാത്തത് ശരിയായ നടപടിയല്ല.

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 350800299- Other Liabilities എന്ന ബാദ്ധ്യതാ ഹെഡിൽ 2,24,044/- രൂപ നീക്കിയിരിപ്പുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ച 1,48,080/- രൂപ ഈ കണക്കിൽ പെടുത്തിയിട്ടുണ്ട്. ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക സമയത്ത് അടക്കാത്തത് ശരിയായ നടപടിയല്ല.

1-2-4 KURDFC ലോണിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 330500201-Secured Loan-Loan From KURDFC എന്ന ഹെഡിൽ 49,66,549/- രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ KURDFC ലോൺ രജിസ്റ്റർ പ്രകാരം 31.03.2021 ലെ നീക്കിയിരിപ്പ് ലോൺ ബാദ്ധ്യത 45,98,902/- രൂപ മാത്രമാണ്.

1-2-5 തിരികെ കൊടുക്കാനുള്ള തുകകളുടെ കണക്കുകളിൽ ക്രമീകരണങ്ങൾ ആവശ്യമാണ്

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 350409901- Refunds Payable- Others എന്ന ഹെഡിൽ 4,68,059/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ ഈ ഹെഡിലെ തുകകൾ ഒന്നും തന്നെ നാളിതു വരെ റീഫണ്ട് ചെയ്തിട്ടില്ല. ഈ ഹെഡിൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പ്രകാരമുള്ള തിരിച്ചടവ് തുകകൾ ചേർത്തിട്ടുണ്ട്. എന്നാൽ ഈ തുകകൾ യഥാസ്ഥാനങ്ങളിലേക്ക് റീഫണ്ട് ചെയ്ത് ബാദ്ധ്യതകൾ ക്രമീകരിച്ചിട്ടില്ല. കൂടാതെ, ഈ ഹെഡിൽ 10.12.2017 ലെ 117010400001 നമ്പർ രശീതി വൗച്ചർ പ്രകാരമുള്ള 4,05,000/- രൂപയും ഉൾപ്പെടുന്നു. 2013 കാലഘട്ടങ്ങളിലെ വി.ഇ.ഒ. ഡിമാന്റ് ഡ്രാഫ്റ്റുകൾ ആക്കിവച്ച് ഗുണഭോക്താക്കൾക്ക് കൈമാറാതെ ഓഫീസിൽ കെട്ടി വച്ചിരുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ക്യാൻസൽ ചെയ്ത് കേരള ഗ്രാമീണ ബാങ്കിലെ 6878 നമ്പർ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയ തുകയാണ് ഇത് എന്നാണ് നൽകിയ വിശദീകരണം. ഇത്രയും കാലം പിന്നിട്ടിട്ടും ഈ തുക ബാദ്ധ്യതാ കണക്കിൽ തന്നെ തുടരുന്നതിന് പ്രത്യേക കാരണങ്ങൾ ഒന്നും വിശദീകരിച്ചിട്ടില്ല. ഈ ബാദ്ധ്യതാ തുക ഉചിതമായ രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 350800199 – Other Creditors എന്ന കണക്കിൽ 1,380/- രൂപ ചേർത്തിട്ടുണ്ട്. "120010101338, 120010101226, 120010100573 എന്നീ രശീതി വൗച്ചറുകൾ പ്രകാരം തെറ്റായി പിരിച്ച തുക തിരികെ നൽകാനുള്ളത്" എന്ന നാരേഷനോടു കൂടിയാണ് ഈ തുകകൾ തിരികെ

നൽകാനുള്ള കണക്കിൽ ഉൾപെടുത്തിയിട്ടുള്ളത്. എന്നാൽ 31.03.2021 വരെ ഈ തുകകൾ തിരികെ നൽകി ബാദ്ധ്യത ക്രമീകരിച്ചിട്ടില്ല.

1-2-6 കാലഹരണപ്പെട്ട ചെക്കുകളുടെ കണക്കിൽ അപാകതകൾ

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 350800101-Liability In Respect Of Stale Cheques എന്ന കണക്കിൽ 62,544/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ കണക്കിൽ 26.03.2019 ലെ 34,500/- രൂപ ( ചെക്ക് നമ്പർ 2336250) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ചെക്ക് 29.03.2019 ന് ക്യാൻസൽ ചെയ്യുകയും പകരം 2336260 (33,862/- രൂപ), 2336261 (638/- രൂപ) എന്നീ ചെക്കുകൾ പാർട്ടിക്ക് വിതരണം ചെയ്തിട്ടുള്ളതും ആണ്. ആയതിനാൽ 2336250 നമ്പർ ചെക്ക് ഈ കണക്കിൽ പെടുത്താവുന്നതല്ല. കൂടാതെ, 31.10.2019 ന് എഴുതിയ 9,160/- രൂപ ( 2336292 നമ്പർ ചെക്ക്) ഈ കണക്കിൽ പെടുത്തിയിട്ടില്ല. എന്നാൽ ഈ ചെക്ക് എഴുതിയതല്ലാതെ ചെക്ക് ലീഫ് ചെക്ക് ബുക്കിൽ നിന്നും മുറിക്കുകയോ പാർട്ടിക്ക് കൈമാറുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ ചെക്ക് Stale Cheque ന്റെ കണക്കിൽ പെടുത്താവുന്നതല്ല.

1-2-7 ബാങ്ക് അക്കൗണ്ടിലെ ചില വരവു തുകകൾ - മറ്റു ബാദ്ധ്യതകൾ എന്ന കണക്കിൽ ചേർത്തു

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 350800299- Other Liabilities എന്ന ബാദ്ധ്യതാ ഹെഡിൽ 2,24,044/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 29.03.2021 ലെ 120130900149 നമ്പർ രശീതി വൗച്ചർ പ്രകാരം കേരള ഗ്രാമീൺ ബാങ്കിലെ 6878 നമ്പർ അക്കൗണ്ടിൽ വരവു വന്ന 65,700/- രൂപ "Doubtful Receipt In Own Fund Bank Account എന്ന നാരേഷനോടു കൂടി ഈ ബാദ്ധ്യതാ കണക്കിൽ പെടുത്തിയിട്ടുണ്ട്. ഇത് ശരിയല്ല. പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിൽ വരവു വരുന്ന തുകകൾ ഏതു വകയിൽ ഉള്ളതാണ് എന്ന് കണ്ടെത്തി യഥാർത്ഥ ഹെഡുകളിൽ അക്കൗണ്ട് ചെയ്യാതെ ബാദ്ധ്യതാ കണക്കിൽ പെടുത്തുന്നത് ശരിയായ രീതിയല്ല.

കൂടാതെ 29.03.2021 ലെ 120130900150 നമ്പർ രശീതി വൗച്ചർ പ്രകാരം കേരള ഗ്രാമീൺ ബാങ്കിലെ 6878 നമ്പർ അക്കൗണ്ടിൽ വരവു വന്ന 10,264/- രൂപയും "Doubtful Receipt In Own Fund Bank Account എന്ന നാരേഷനോടു കൂടി ഈ ബാദ്ധ്യതാ കണക്കിൽ പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിൽ വരവു വരുന്ന തുകകൾ ഏതു വകയിൽ ഉള്ളതാണ് എന്ന് കണ്ടെത്തി യഥാർത്ഥ ഹെഡുകളിൽ അക്കൗണ്ട് ചെയ്യാതെ ബാദ്ധ്യതാ കണക്കിൽ പെടുത്തുന്നത് ശരിയായ രീതിയല്ല.

1-2-8 അഡ്വാൻസുകളുടെ കണക്കുകളിൽ ക്രമീകരണവും തുടർ നടപടികളും ആവശ്യമാണ്

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 460100199- Other Advances എന്ന ആസ്തി ഹെഡിൽ 2,64,931/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 31.03.2019 ലെ 41800342 നമ്പർ ജേണൽ മുഖേന " Excess Library Cess Remitted For The Period 2016-17,17-18, 18-19 First Half Transfering To Advance" എന്ന നാരേഷനോടു കൂടി രേഖപ്പെടുത്തിയ 70,671/- രൂപ ഉൾപ്പെടുന്നു. ഇത്തരത്തിൽ അഡ്വാൻസ് ആയി കാണിച്ച തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

ഈ ഹെഡിലെ നീക്കിയിരിപ്പിൽ 10.06.2019 ലെ 4190279 നമ്പർ ജേണൽ മുഖേന Premonsoon Cleaning Advance To 16 Wards എന്ന നാരേഷനോടു കൂടി രേഖപ്പെടുത്തിയ 1,60,000/- രൂപ ഉൾപ്പെടുന്നു. നാളിതു വരെ ഈ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല.

ഈ ഹെഡിലെ നീക്കിയിരിപ്പിൽ 24.06.2020 ലെ 22000210 നമ്പർ പേമെന്റ് വൗച്ചർ മുഖേന Advance To MO, PHC For Premonsoon Cleaning എന്ന നാരേഷനോടു കൂടി രേഖപ്പെടുത്തിയ 19,140/- രൂപ ഉൾപ്പെടുന്നു. നാളിതു വരെ ഈ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല.

ഈ ഹെഡിലെ നീക്കിയിരിപ്പിൽ 25.03.2021 ലെ 42000275നമ്പർ ജേണൽ വൗച്ചർ മുഖേന Correction Entry എന്ന നാരേഷനോടു കൂടി രേഖപ്പെടുത്തിയ 15,120/- രൂപ ഉൾപ്പെടുന്നു. ഈ തുകയുടെ

വിശദ വിവരങ്ങൾ ലഭ്യമല്ല.

1-2-9 സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 430100103 – Closing Stock Stores എന്ന ഹെഡിൽ 4,290/- രൂപ ആസ്തിയുണ്ട്. എന്നാൽ ഇത് 2019-20 ൽ നടത്തിയ രേഖപ്പെടുത്തൽ ആണ്. 2020-21 ൽ സ്റ്റോറിന്റെ മൂല്യനിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

1-2-10 സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല

മെയിന്റനൻസ് ഫണ്ട് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർടി)നം. 4444/ 2020/ ഫിൻ / തിയതി 03.08.2020 ) 57,277/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 160100402 – Maintenenace Fund Non Road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2-11 ജേർണൽ എൻട്രികൾ ആധികാരികമല്ല

ജേർണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേർണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേർണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേർണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-2-12 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. 01.04.2020 ലെ ക്യാഷ് / ബാങ്ക് നീക്കിയിരിപ്പും 31.03.2021 ലെ ക്യാഷ് / ബാങ്ക് നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (-) 1,28,78,181/- രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോ പട്ടിക പ്രകാരം Operating Activities, Investing Activities, Financing Activities എന്നിവ വഴി ക്യാഷിൽ 1,38,08,640/- രൂപയുടെ കുറവ് ഉണ്ടായതായാണ് കാണിച്ചിട്ടുള്ളത്.

1-2-13 അക്കൗണ്ടിംഗ് സംബന്ധിച്ച ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താനുള്ള സംവിധാനമില്ല.

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പ് വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് തുകകൾ മാത്രമേ അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളൂ. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 ലെ മറ്റു അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>പ്രതിമാസ കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടു കൂടി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്ന് വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>1-2-14 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.</u>

312100101- കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് വികസന ഫണ്ടിൽ (ജനറൽ) നിന്നും 36,46,896/- രൂപയും എസ്.സി.പി. ഫണ്ടിൽ നിന്നും 11,44,996/- രൂപയും ടി.എസ്.പി. ഫണ്ടിൽ നിന്നും 29,70,671/- രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 52,09,418/- രൂപയും തൻ വർഷം മാറ്റിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെ സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ ഇല്ല.

<u>1-2-15 പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് കേന്ദ്ര സർക്കാർ ഫണ്ടുകളുടെ കണക്കിൽ ചേർത്തിട്ടില്ല</u>

വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ച് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി 15,88,393/- രൂപ പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ആയി 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ഈ തുക ചെലവഴിച്ചതായി കാണുന്നില്ല. വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ച് ഭാരത് മിഷൻ പദ്ധതിയുടെ കാലയളവ് 2016 ഏപ്രിൽ മുതൽ 2021 വരെയുള്ള 5 വർഷങ്ങളാണ്. പദ്ധതിയുടെ മാർഗനിർദേശങ്ങൾക്ക് അനുസരിച്ച് ഫണ്ട് ചെലവഴിക്കാത്തത് ശരിയല്ല. കൂടാതെ ഈ ഫണ്ട് 320200322- Grants From Shuchitwa Mission എന്ന കണക്കിലാണ് പെടുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ ഫണ്ടിന്റെ കണക്കിലായിരുന്ന പെടുത്തേണ്ടിയിരുന്നത്.

<u>1-2-16 പൂർത്തിയായ ജലനിധി പദ്ധതിയുടെ ബാക്കി ഫണ്ട് ബാദ്ധ്യതയായി നില നിർത്തുന്നു.</u>

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320300102 - Grants For Specific Purpose - Jalanidhi എന്ന കണക്കിൽ 2,59,861/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക കേരള ഗ്രാമീൺ ബാങ്കിലെ 8893 നമ്പർ അക്കൗണ്ടിലാണ് ഉള്ളത്. ജലനിധി പദ്ധതി പഞ്ചായത്തിൽ പൂർത്തിയായിട്ടുള്ളതും പ്രോജക്ട് സപ്പോർട്ട് യൂണിറ്റ് പഞ്ചായത്തിൽ നിന്നും എക്സിറ്റ് ആയിട്ടുള്ളതും ആണ്. ആയതിനാൽ പദ്ധതിയിൽ ബാക്കിയുള്ള തുക ഉചിതമായ രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

<u>1-2-17 പെൻഷൻ ഇനങ്ങളുടെ വരുമാനം ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ ചേർത്തിട്ടില്ല.</u>

2020-21 വർഷത്തെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ 160100304 - Indiragandhi National Destitute / Widow Pension, 160100305- Pension For Unmarried Woman Above 50 Years എന്നീയിനങ്ങളിൽ പഞ്ചായത്തിന്റെ വരുമാനം ചേർത്തിട്ടില്ല.

<u>1-3 സാമ്പത്തിക വിശകലനം</u>

| | |
|---|---|
| വർഷം | 2020-21 |
| മുന്നിരിപ്പ് | 2,31,94,241 |

| | |
|---|---|
| വരവ് | 13,76,24,743 |
| ആകെ | 16,08,18,984 |
| ചെലവ് | 15,05,02,924 |
| നീക്കിയിരിപ്പ് | 1,03,16,060 |

മേൽ വരവു ചെലവുകൾ കൂടാതെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ 3,80,39,996 രൂപയും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി (ദേശീയ വാർദ്ധക്യ കാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ മാത്രമേ കണക്കിൽ പെടുത്തിയിട്ടുള്ളൂ.) ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ 92,00,200 രൂപയും വരവു ചെലവുകളിൽ ഉൾപ്പെടുന്നു.

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത / ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,57,96,235 | 1,57,96,235 | 1,67,79,000 | (-)9,82,765 | സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 11,82,765/- രൂപ ഉൾപ്പെ ടെയുള്ള വരവു ചെലവു കളാണ് പട്ടികയിൽ ചേർത്തിട്ടുള്ള ത്. ഇത് കൂടാതെ 7 ബില്ലുകളി ലായി 19,79,188/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയി ട്ടുണ്ട്. |
| വികസനഫണ്ട് എസ്.സി.പി. | 0 | 43,80,000 | 43,80,000 | 40,09,938 | 3,70,062 | പട്ടികയിലെ ചെലവു തുക കൂടാതെ 3,00,000 രൂപ യുടെ ഒരു ബിൽ ക്യൂ ആയിട്ടുണ്ട്. |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,53,08,469 | 1,53,08,469 | 1,44,99,679 | 8,08,790 | സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനാ യി കുറവ് ചെയ്ത തുക യായ 3,65,686 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അടക്കമുള്ള വരവു ചെലവു കളാണ് പട്ടി കയിൽ ചേർ ത്തിട്ടു ള്ളത്. ഇത് കൂടാതെ 10 ബില്ലുകളി ലായി 32,65,855 രൂപ യുടെ ബില്ലുകൾ ക്യൂ ബിൽ ആയി ട്ടുണ്ട്. |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,44,16,000 | 1,44,16,000 | 1,44,16,000 | 0 | പട്ടികയിലെ ചെലവു തുക കൂടാതെ 14 ബില്ലു കളി ലായി 65,20,223 രൂപ യുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 56,00,773 | 56,00,773 | 56,58,000 | -57,227 | സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്റ്റിനാ യി കുറവ് ചെയ്തു തുകയായ 57,227 രൂപ അടക്കമുള്ള വരവു ചെലവു കളാണ് പട്ടിക യിൽ ചേർത്തി ട്ടുള്ളത്. ഇത് കൂടാതെ 5 ബില്ലു കളി ലായി 8,81,486 രൂപ യുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 63,30,000 | 63,30,000 | 15,54,675 | 47,75,325 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 1,23,68,582 | 1,23,68,582 | 92,82,841 | 30,85,741 | പട്ടികയിലെ ചെലവു തുക കൂടാതെ 12 ബില്ലുകളി ലായി 50,79,422 രൂപ യുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ- | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 7,56,011 | 3,94,66,973 | 4,02,22,984 | 4,01,81,311 | 41,673 | |
| സമ്പൂർണ ശുചിത്വ | 22,04,443 | 0 | 2204,443 | 0 | 22,04,443 | |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | | | | | | |
| സംയോജിത ശിശു വികസന പദ്ധതി | 2,53,670 | 14,14,869 | 16,68,539 | 14,57,803 | 2,10,736 | |
| പൈക്ക | 1,13,586 | 0 | 1,13,586 | 0 | 1,13,586 | |
| സംസ്ഥാനാ വിഷ്കൃത പദ്ധതികൾ- | | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 0 | 15,88,393 | 15,88,393 | 0 | 15,88,393 | |
| കോർപ്പസ് ഫണ്ട് | 27,00,000 | 0 | 27,00,000 | 0 | 27,00,000 | |
| വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | 0 | 2,70,000 | 2,70,000 | 2,70,000 | 0 | |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | 0 | 6,13,000 | 6,13,000 | 6,13,000 | 0 | |
| ജലനിധി | 3,39,914 | 4,04,183 | 7,44,097 | 4,84,236 | 2,59,861 | |
| വിമുക്തി | 37,960 | 0 | 37,960 | 0 | 37,960 | |
| KSFE | 0 | 4,20,000 | 4,20,000 | 4,20,000 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 252 | 12,01,90,846 | 198 | 8,01,35,095 | ഇല്ല | 54 | 78.57 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 25 | 56,58,146 | 18 | 38,06,194 | 67.26 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 127 | 6,13,45,916 | 103 | 4,41,47,600 | 71.96 |
| 3 | കൃഷി ഓഫീസർ | 16 | 5245344 | 10 | 33,99,328 | 64.80 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 2,05,78,189 | 10 | 1,16,07,879 | 56.40 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 63,84,774 | 11 | 61,61,539 | 96.50 |
| 6 | വെറ്ററിനറി സർജ്ജൻ | 15 | 75,28,589 | 14 | 25,80,190 | 34.27 |
| 7 | മെഡിക്കൽ ഓഫീസർ –ആയുർവ്വേദം | 2 | 90,000 | 2 | 90,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 15 | 46,43,982 | 15 | 38,32,339 | 82.52 |
| | മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2,00,000 | 2 | 200,000 | 100 |
| 9 | പ്രധാനാധ്യാപകൻ | 18 | 67,43,906 | 9 | 39,36,821 | 58.37 |
| | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 15,06,000 | 2 | 3,58,805 | 23.82 |
| | അസിസ്റ്റന്റ് സെക്രട്ടറി | 3 | 2,66,000 | 2 | 14,400 | 54.13 |
| | ആകെ | 252 | 12,01,90,846 | 198 | 8,01,35,095 | 66.67 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 7,56,011 | 14,26,977 | 21,82,988 | 21,41,315 | 41,673 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,80,39,996 | 3,80,39,996 | 3,80,39,996 | 0 |
| ആകെ | 7,56,011 | 3,94,66,973 | 4,02,22,984 | 4,01,81,311 | 41,673 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 3091 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 11,69,42,141 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 3,80,39,996 രൂപയുടെ 230 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 1,19,175 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 613 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4,20,600 | 77 |
| തൊഴിൽരഹിത വേതനം | 3,600 | 5 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 69,12,300 | 1179 |
| വികലാംഗപെൻഷൻ | 18,67,300 | 328 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,70,000 | 9 |
| വിധവാപെൻഷന് | 2,12,97,900 | 1107 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-08-2021 തീയ്യതിയിൽ 3.Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2,670/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് സമയബന്ധിതമായി, കൃത്യമായി പരിശോധിക്കുന്നില്ല. തപാലുകൾ തീർപ്പാക്കിയ തിയതി, രേഖപ്പെടുത്തുകയോ ഡിസ്പോസൽ അടയാളപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക് അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 21 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി 14 തവണയും വികസന സ്റ്റാന്റിങ് കമ്മിറ്റി 12 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി 12 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി 13 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക

വർഷം 5 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ / വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി യിട്ടുണ്ട്.

വരവിനങ്ങളെല്ലാം ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്വെയർ മുഖേനയാണ്. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി. രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട് . ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-07-2021 മുതൽ 17-07-2021 വരെ | 12/2020 മുതൽ | 22/07/2021 |

| | | | |
|---|---|---|---|
| | | 06/2021 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-04-2012 മുതൽ 15-05-2012 വരെ | 2006-07 മുതൽ 2011-12 വരെ | 18-06-2012 |

## 1-11 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ. നം | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | നാളിതുവരെ കൈപ്പറ്റിയ തുക | നൽകാൻ അവശേഷിക്കുന്ന തുക | വീടിന്റെ ഇപ്പോഴത്തെ സ്റ്റേജ് |
|---|---|---|---|---|---|
| 1 | ലക്ഷ്മി.പി. W/Oഗംഗാധര വി. വൈത്താജെ. | 4,00,000/- | 3,00,000/- | 1,00,000/- | മേൽക്കൂര നിർമ്മാണം |
| 2 | ലളിത കെ., W/O ഉക്രകുതിമൂണ്ട | 4,00,000/- | 3,00,000/- | 1,00,000/- | മേൽക്കൂര നിർമ്മാണം |
| 3 | ബൈലു W/O ചോമ ദേവരടുക്ക | 4,00,000/- | 1,40,000/- | 2,60,000/- | മേൽക്കൂര നിർമ്മാണം |
| 4 | ബട്ടിച്ചി W/O , ചൊള്ളൻ മണ്ടെബെട്ടു | 6,00,000/- | 3,00,000/- | 3,00,000/- | മേൽക്കൂര നിർമ്മാണം |
| 5 | ഭവാനി W/O ചന്ദ്രൻ, മാണിയൂർ | 6,00,000/- | 3,40,000/- | 2,60,000/- | മേൽക്കൂര നിർമ്മാണം |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 നെൽകൃഷി കൂലി ചെലവ് പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | കൃഷി ഓഫീസർ | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ബിൽ നമ്പർ / തിയ്യതി | അടങ്കൽ തുക | ചെലവ് തുക തുക | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് |
| 1 | 3/2020-21 /30-10-2020 | 2,65,000 | 2,65,000 | വികസന ഫണ്ട് ജനറൽ | 48/2020-21 | നെൽകൃഷി കൂലി ചെലവ് സബ്സിഡി |
| 2 | 4/2020-21 /30-10-2020 | 7,65,000 | 7,65,000 രൂപ | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 6/2020-21/ 18-11-2020 | 5,00,000 | 5,00,000 | ജില്ലാ പഞ്ചായത്ത് വിഹിതം | | |
| ആകെ | | 15,30,000 | 15,30,000 രൂപ | | | |

2020-21 വർഷം നടപ്പിലാക്കിയ നെൽകൃഷി കൂലി ചെലവ് സബ്സിഡി പദ്ധതി പ്രകാരം , ആകെ 15,30,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു. ജി.ഒ (എം.എസ്.) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, ഇതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

(2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-13 നെൽ വിത്ത് വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | കൃഷി ഓഫീസർ | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ/തിയ്യതി | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് |
| 1 | 2,48,720 രൂപ | 2,16,720 | 2/2020-21തിയ്യതി 18.10.2020 | വികസന ഫണ്ട് ജനറൽ | 52/2020-21 | നെൽ വിത്ത് വിതരണം |
| 2 | | 32,000 | 5/2020-21തിയ്യതി 30.10.2020 | | | |
| ആകെ | | 2,48,720/- രൂപ | | | | |

2020-21 വർഷം നടപ്പിലാക്കിയ നെൽ വിത്ത് വിതരണം പ്രൊജക്ട് പ്രകാരം , ആകെ 2,48,720 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, ഇതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത

നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) വിത്തുകളുടെ ഗുണമേൻമ പരിശോധിച്ച് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിട്ടില്ല.

(2) കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, കൃഷി ഓഫീസർ പരിശോധിച്ചായിരിക്കണം വിത്തുകളുടെ അളവും തുക്കവും തീരുമാനിക്കേണ്ടത്.എന്നാൽ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

(3) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(4) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-14 ഡെപ്പോസിറ്റ് വർക്ക്-വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ 296/21 (2020-21)

പ്രോജക്ടിന്റെ പേര് - വൈദ്യുതി കണക്ഷന് കെ.എസ്.ഇ.ബി.യിൽ പണം അടക്കൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ 296/21 പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷന് നൽകുന്നതിനായി K.S.E.B മുള്ളേരിയ സെക്ഷനിൽ 1,64,999/- രൂപ (Ac/നം 4214317000021 ) നിക്ഷേപിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെയും, തുക നിക്ഷേപത്തിന്റെയും വിവരം താഴെ ചേർക്കുന്നു.

1)പായരട്ടക കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം – 17,827/- രൂപ ( വൗച്ചർ നമ്പർ 22000480/ 13.10.2020 & ചെക്ക് നമ്പർ 024853/ 13.10.2020)

2) ചാല്ലംതിഗൽ കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം – 73,719/- രൂപ ( വൗച്ചർ നമ്പർ 22000481/13.10.2020 & ചെക്ക് നമ്പർ 026853/13.10.2020)

3) സാലെത്തടുക & ചന്ദനക്കാട് അംഗൻവാടി വൈദ്യുതീകരണം-30,600/- രൂപ ( വൗച്ചർ നമ്പർ 22000596/ 03.12.2020 & ചെക്ക് നമ്പർ 25477/13.12.2020)

4) കൊട്യാഡി ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം-38,145/- ( വൗച്ചർ നമ്പർ 22000298 / 20.02.2021 & ചെക്ക് നമ്പർ 026496/ 20.02.2021)

5) കല്ലടുക്ക അംഗൻവാടി വൈദ്യുതീകരണം-5,002/- രൂപ ( വൗച്ചർ നമ്പർ 22000512 / 03.11.2020 & ചെക്ക് നമ്പർ 024867/ 03.11.2020)

പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്ത പരിശോധന നടത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് – സംയുക്തമായി പരിശോധന നടത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2020-21 ൽ 264531/- രൂപ ( 2,17,160/ - രൂപ + 47,371/- രൂപ) കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. യും ഗ്രാമ പഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി, പ്രവർത്തന ക്ഷമമായ തെരുവ് വിളക്കുകൾ എത്രയെണ്ണം ഉണ്ടെന്നും, അവയുടെ തരം ഏതൊക്കെയാണെന്നും നിർണ്ണയിച്ചിട്ടില്ല. പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര യെണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കുവാനുള്ള നടപടികൾ

സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്രയെണ്ണമാണ് ഉള്ളത് എന്ന് നിർണ്ണയിച്ച് , ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003 – ലെ കേരള പഞ്ചായത്ത് രാജ്, ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം , ഗ്രാമ പഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ദുരിതാശ്വാസ നിധി ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. പ്രളയം, കോവിഡ് 19 പോലെയുള്ളവ നേരിടേണ്ടി വരുന്ന സമയമായതിനാൽ , പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. നാളിതുവരെ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 2/27.08.2021) .

1-17 ഐ.കെ.എം.ന് പഞ്ചായത്ത് വിഹിതം നൽകൽ-

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ഐ.കെ.എം.ന് പഞ്ചായത്തിന്റെ വിഹിതമായി 2020-21 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.20/2021 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 9/ 05.08.2021 1,17,823/- രൂപ | ഐ.കെ.എം. തിരുവനന്തപുരം AC/ 57047023512 |

ഇപ്രകാരം ഐ.കെ.എം. ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിനു ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 2/27.08.2021)

1-18 എ.ബി.സി. പരിപാടി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നം. S156/21

പദ്ധതിയുടെ പേര് – സമഗ്ര പേവിഷബാധ തെരുവ് നായ്ക്കൾ നിയന്ത്രണം പരിപാടി

സമഗ്ര പേവിഷബാധ തെരുവ് നായ്ക്കൾ നിയന്ത്രണം പരിപാടി (ABC) പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ 21/31.03.2021 പ്രകാരം 1,30,220/- രൂപ പിൻവലിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.799013000000948 ) നൽകിയിട്ടുണ്ട്. സമഗ്ര പേവിഷബാധ തെരുവ് നായ്ക്കൾ നിയന്ത്രണത്തിന്റെ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല . വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 2/27.08.2021).

1-19 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നം. /പേര് – 247/2020-21/ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത് എന്ന പ്രൊജക്ട് പ്രകാരം, കെ.എസ്.ഇ.ബി.യിൽ 55,631/- രൂപ (Ac/നം 4214317000021 )

നിക്ഷേപിച്ചിട്ടുണ്ട്. ടി തുക വൗച്ചർ നമ്പർ 22000701 /15.01.2021 ചെക്ക് നമ്പർ 02757642/15.01.2021 പ്രകാരമാണ് നിക്ഷേപിച്ചിട്ടുള്ളത്. ഉജംമ്പാടി സ്കൂൾ ഗ്രൌണ്ടിലെ ലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനാണ് തുക നിക്ഷേപിച്ചത്. പ്രവൃത്തി പൂർത്തീകരിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം 02/27.08.2021).

## 1-20 വന ഭൂമി വിട്ടു നൽകിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പ്രൊജക്ട് നം. /പേര് – 259/2020-21/ വന ഭൂമി വിട്ടു നൽകുന്നതിനായി വനം വകുപ്പിന് തുക കൈമാറൽ (CAMPA_FUND)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് നം.259/2020-21 പ്രകാരം പാണ്ടി– ബളവന്തടുക്ക റോഡ് വികസനത്തിനായി വന ഭൂമി വിട്ടു നൽകുന്നതിന് വനം വകുപ്പിന് 2,81,982/- രൂപ (തനത് ഫണ്ട്) നൽകിയിട്ടുണ്ട്. ടി തുക വൗച്ചർ നമ്പർ 22000340 /25.08.2020 ചെക്ക് നമ്പർ 024553/ 21.01.2020 പ്രകാരമാണ് (A/CNo.15074613644044) നൽകിയിട്ടുള്ളത്. വനം വകുപ്പ്, ഗ്രാമ പഞ്ചായത്തിൽ റോഡ് വികസനത്തിനായി വിട്ടു നൽകിയ വസ്തുവിന്റെ വിവരങ്ങളും, ആസ്തി രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങളുടെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.2/27/08/2021)

## 1-21 പി.എച്ച്.സി.പുതിയ കെട്ടിട വൈദ്യുതികരണം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നം. / പേര് – 295/2020-21 / പി.എച്ച്.സി. പുതിയ കെട്ടിട വൈദ്യുതികരണം പി.ഡബ്ല്യു.ഡി.യ്ക്ക് തുക കൈമാറൽ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് നം. 295/ 2020-21 പ്രകാരം പി.എച്ച്.സി. യുടെ പുതിയ കെട്ടിടം വൈദ്യുതീകരണത്തിനായി പി.ഡബ്ല്യു.ഡി. വകുപ്പിന്റെ സെക്ഷനിൽ 2,00,000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക വൗച്ചർ നമ്പർ 22000930/22.02.2021 തിയതിയിലെ ചെക്ക് നമ്പർ 2757655/22.02.2021 പ്രകാരമാണ് നിക്ഷേപിച്ചിട്ടുള്ളത്. പി.ഡബ്ല്യു.ഡി.യിൽ നിക്ഷേപിച്ച തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ, പ്രവൃത്തി പൂർത്തികരണ അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 ഓൺ ലൈൻ വിദ്യാഭ്യാസത്തിന് ടി.വി.വാങ്ങൽ -അപാകതകൾ

1) പ്രൊജക്ട് നം. / പേര് – 295/202021/ ഓൺ ലൈൻ വിദ്യാഭ്യാസത്തിന് ടി.വി.വാങ്ങൽ

പ്രൊജക്ട് പ്രകാരം, ഓൺ ലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിന് കെ.എസ്.എഫ്.ഇ.യുടെയും , എം.എൽ.എ.യുടെ ആസ്ഥി വികസന ഫണ്ടിന്റെ ധനസഹായത്തോടെ (പ്രൊജക്ടിന്റെ ആകെ അടങ്കൽ തുകയിൽ 75% കെ.എസ്.എഫ്.ഇ. വകുപ്പ് ബാക്കി വരുന്ന 25% എം.എൽ.എ.യുടെ ആസ്ഥി വികസന ഫണ്ടിൽനിന്നും) നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി, ഗ്രാമ പഞ്ചായത്തിലെ 42 വിദ്യാസഹായി കേന്ദ്രങ്ങളിലേക്ക് 42 UA32T4310 – LED ടെലിവിഷൻ വാങ്ങി നൽകിയിട്ടുണ്ട്. LED TV 13.8.2020 തിയതിയിലെ DTC-0139 ഇൻവോയിസ് നമ്പർ പ്രകാരം, കൊച്ചിയിലെ Director To Customer എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. ടി സ്ഥാപനത്തിന് 42 LED TV യുടെ തുകയായ 5,66,580/- രൂപയാണ് നൽകേണ്ടത്. അതായത് കെ.എസ്.എഫ്.ഇ.യിൽ നിന്നു ലഭ്യമായ 4,20,000/- (പ്രൊജക്ടിന്റെ 75%) രൂപ മാത്രമാണ് നാളിതുവരെ 10580200016714 അക്കൗണ്ട് നമ്പർ പ്രകാരം Director To Customer എന്ന സ്ഥാപനത്തിൻ കൈമാറിയത്. ബാക്കി വരുന്ന 25% തുകയായ 1,46,580/- രൂപ ഇതുവരെയായി കൈമാറിയിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾ.

കെ. എസ്.എഫ്.ഇ ഓൺലൈൻ വിദ്യാഭ്യാസ സഹായി – 08.07.2020 തിയതിക്ക് സെക്രട്ടറിയ്ക്ക് അയച്ച കത്ത് പ്രകാരമുള്ള ചില നിർദേശങ്ങൾ പാലിച്ചിട്ടില്ല. (സൂചന,18.06.2020 ൽ നികുതി എച്ച് വകുപ്പ്

പുറപ്പെടുവിച്ച 408/2020 നം .ഉത്തരവ്)

1) 42 UA32T4310-LED ടെലിവിഷൻ 42 വിദ്യാഭ്യാസ സഹായി കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) TV സ്ഥാപിക്കുന്നത് , വീട്ടിൽ TV സ്വന്തമായിട്ടില്ലാത്ത 3 കുട്ടികളെങ്കിലുമുള്ള പ്രദേശമായിരിക്കണം. TV സ്ഥാപിച്ച കേന്ദ്രങ്ങളിൽ 3 കുട്ടികളെങ്കിലും ഉണ്ട് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3) വിദ്യാഭ്യാസ സഹായി കേന്ദ്രങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമല്ല.

4) ഓൺലൈൻ വിദ്യാഭ്യാസ പഠനം , കുട്ടികൾക്ക് നൽകുന്നവരുടെ വിവരം ലഭ്യമല്ല.
5) പദ്ധതിക്കുവേണ്ടി വാങ്ങിയ 42/ UA32T4310-LED TVകളുടെ വിശദവിവരം, സ്റ്റോക്ക് ബുക്കിൽ ചേർത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) പ്രോജക്ട് നം.295/21/ ഓൺ ലൈൻ വിദ്യാഭ്യാസത്തിന് ടി.വി.വാങ്ങൽ

<u>സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തില്ല</u>-

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് സെക്രട്ടറി സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമഗ്രികൾ വാങ്ങിയ വിവരം | സ്ഥാപനം | നൽകിയ തുക | ഈടാക്കേണ്ട GST | ഈടാക്കേണ്ട IT |
|---|---|---|---|---|---|
| 1 | UA3274310-LED TV/ ആകെ വാങ്ങിയ LED Tvയുടെ എണ്ണം 42/Invoice No DTC Nx.0139/13.08.2020 A/C10580200016714 | Direct To Customer Cochin | 5,66,580/- | 11,332/- | 11,332/- |
| ആകെ | | | | 11,332/- | 11,332/- |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/27.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ആദായ നികുതി, ജി.എസ്.ടി എന്നീയിനങ്ങളിൽ സർക്കാരുകൾക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

## 1-23 ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.

05.11.2020 ലെ ജി.ഒ. (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 22100163/ 04.06.2021 (ചെക്ക് നം.27535/ 04.06.2021) വൗച്ചർ നം.പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 4,03,765/- രൂപയും വൗച്ചർ നം. 22100166 / 04.06.2021 പ്രകാരം + 70,000/- രൂപയും (ചെക്ക് നമ്പർ 027536/ 15.06.2021) ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധിസറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | ഹംസ എം. അസി. സെക്രട്ടറി. | 62,715/- |
| 2 | ശ്രീനാഥ് പി.ആർ .ഹെഡ് ക്ലാർക്ക് | 57,054/- |
| 3 | സുധീർ കുമാർ കെ.എം. അക്കൗണ്ടന്റ് | 51,837/- |
| 4 | മുരളീധരൻ കെ.വി. സീനിയർ ക്ലാർക്ക് | 58,386/- |
| 5 | അഞ്ജന കുമാരി കെ . സീനിയർ ക്ലാർക്ക് | 40,515/- |
| 6 | ശശിധരൻ സി.ജി. ക്ലാർക്ക് | 40,515/- |
| 7 | ആഷിഫ് അലി ബി.കെ ക്ലാർക്ക് | 31,053/- |
| 8 | നാരായണൻ പി | 33,633/- |
| 9 | കൃഷ്ണവേണി, ഓഫീസ് അറ്റൻഡന്റ് | 28,057/- |
| 10 | രാജൻ പി. പാർട്ട് ടൈം ലൈബ്രേറിയൻ | 11,305/- |
| 11 | ഗീതാകുമാരി സെക്രട്ടറി<br>വൗച്ചർ നം. (22100166/ 15.06.2021 /ചെക്ക് നം.27536/ 15.06.2021 ) | 77,000/- |
| ആകെ | | 4,80,764/- |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ

നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജ്ജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്.

## 1-24 വീട്ടു വളപ്പിൽ മത്സ്യ കൃഷി /ബയോ ഫ്ലോക്ക് മത്സ്യ കൃഷി - നിർവ്വഹണത്തിലെ അപാകതകൾ

.ഫിഷറീസ് ഇൻസ്പക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട്ടു വളപ്പിൽ മത്സ്യ കൃഷി (പ്രൊജക്ട് നം.253/20 )എന്ന പദ്ധതി പ്രകാരം ആകെ അടങ്കൽ തുകയായ 12,30,000/- രൂപയിൽ 3,10,988/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്ത് അംഗീകരിച്ച പദ്ധതിയിൽ 25 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.

2) പ്രൊജക്ട് നം.2537/21- ബയോ ഫ്ലോക്ക് മത്സ്യ കൃഷി നിർവ്വഹണ പ്രകാരം ആകെ അടങ്കൽ തുകയായ 2,76,000/- രൂപയിൽ 47,817/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയിൽ 17 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ആകെ രണ്ട് ഗുണഭോക്താകൾക്കാണ് തുക നൽകിയത്.പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. വ്യക്തിഗത അപേക്ഷകളിൽ , പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വറി നം 03/27.08.2021)

## 1-25 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ - രേഖകൾ ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 25 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം കൈരളി ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, അടൂർ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 24,155 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 17,75,391/- രൂപ മേൽ സ്ഥാപനത്തിന് (അക്കൗണ്ട് നം.4045110004984) നൽകിയിട്ടുണ്ട്. കടത്തു കൂലി ഇനത്തിൽ 1,08,697/- രൂപ നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്. ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 20/ 02-08-2021)

## 1-26 കെട്ടിട നിർമ്മാണം - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ, പുതുക്കുമ്പോഴോ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം) ഇതു കൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ

നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമ പഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ തന്നെ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കുശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ സ്ഥാപനത്തിന് നികുതി നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്. അനധികൃത നിർമ്മാണങ്ങൾ /മാറ്റം വരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ തടയുന്നതിനും കെട്ടിടത്തിന്റെ യഥാർത്ഥ ഘടനയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഫീൽഡ് തല പരിശോധനകൾ കൂടുതലായി നടത്തേണ്ടതാണ്.

<u>1-27 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല</u>

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ഹോമിയോ

പ്രൊജക്ട് നം.111/2020-21, 281/2020-21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ

ഫണ്ട്-മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ബിൽ നം.1/20-21 തീയതി 21-10-2020, & ബിൽ നം. 2/20-21 തീയതി 21-10-2020 പ്രകാരം 1,00,000/- രൂപ വീതം ട്രഷറിയിൽ നിന്നും പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് , സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ബിൽ നം. 2/20-21 പ്രകാരം ഒടുക്കിയ തുകയിൽ നിന്ന് 42,465/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ബാക്കി തുകക്കുള്ള 157535/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-28 വയോമിത്രം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ .

പ്രൊജക്ട് നം.34/20

വയോമിത്രം പദ്ധതിയുടെ വിഹിതമായി ട്രഷറി ബിൽ നം. 17/29.09.2020 പ്രകാരം 4,90,000/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്ന സ്ഥാപനത്തിന് (A/C നം.70101140000) നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

<u>1-29 പി.എച്ച്.സിക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി. അടൂർ

പ്രോജക്ട് നം - SO300/21

പ്രോജക്ടിന്റെ പേര് - പി.എച്ച്.സി.ക്ക് കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 2,40,000/- രൂപ - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് തുക – 1,60,778/- രൂപ

ബിൽ നമ്പർ, തീയതി - 71/2020-21 തീയതി.22-03-2021 RS.1,20,402/-

- 79/2020-21 തീയതി.29-03-2021 RS.40,376/-

അടൂർ പി.എച്ച്.സി.ക്ക് കമ്പ്യൂട്ടറും, പ്രിന്ററും വാങ്ങി വിതരണം ചെയ്യുന്നതിനായി പ്രൊജക്ട് നമ്പർ SO300/21 പ്രകാരം മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്ന് 1,60,778/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഈ പ്രോജക്ട് പ്രകാരം കെൽട്രോൺ തിരുവനന്തപുരത്തിന്റെ 12.03.2021തിയ്യതിലെ TVM/ITBG/ PI/RC/ 24388/20-21 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 3 കമ്പ്യൂട്ടറും, 16.03.2021 തിയ്യതിലെ TVM/ ITBG/PI/ RC/ 24717/20-21 നമ്പർ പെർഫോമ ഇൻവോയ്സ് പ്രകാരം 2 പ്രിന്ററും ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. (അക്കൗണ്ട് നം. 799011400003959).

പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനം നാളിതുവരെയായി കമ്പ്യൂട്ടറും, പ്രിന്ററും പി.എച്ച്.സി.ക്ക് ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടറും, പ്രിന്ററും ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) കമ്പ്യൂട്ടറും, പ്രിന്ററും വാങ്ങുന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി തീരുമാനം, കമ്പ്യൂട്ടറും, പ്രിന്ററും ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നീ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,60,778/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (31-08-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.05)

1-30 ടി.ബി.രോഗികൾക്ക് പോഷകാഹാരം വിതരണം - രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ -പി.എച്ച്.സി അഡൂർ
പ്രോജക്ട് നം - S0101/21 & S0237/21,

പ്രോജക്ടിന്റെ പേര് - ടി.ബി രോഗികൾക്ക് പോഷകാഹാരം

ചെലവ് തുക - 50,501/-രൂപ -തനത് ഫണ്ട്

ചെക്ക് നമ്പർ, തീയതി - 2757613 തീയതി.24.7.2020 Rs.6,500/-

- 2757630 തീയതി.6.11.2020 Rs.3,000/-

- 2757638 തീയതി.12.11.2021 Rs.4,000/-

- 2757651 തീയതി.27.1.2021 Rs.9,500/-

- 2757672 തീയതി.29.3.2021 Rs.6,000/-

- 2757674 തീയതി.31.3.2021 Rs.7,001/-

- 2757603തീയതി.24.6.2020 Rs.10,500/-

- 2757638തീയതി.12.01.2021 Rs.4,000/-

മേൽ പ്രൊജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്ഷയരോഗികൾക്ക് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലായി ഭക്ഷണകിറ്റ് വിതരണം ചെയ്യൽ പദ്ധതി നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) മേൽ ചെക്ക് തുകകൾ പ്രകാരം 50,501/-രൂപ ചെലവഴിച്ച് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ ഭക്ഷണ കിറ്റുകൾ ഏതൊക്കെ രോഗികൾക്കാണ് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) ഗുണഭോക്താക്കളുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് / ഇതു സംബന്ധിച്ച മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രമോ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3) ജില്ലാ മെഡിക്കൽ ഓഫീസർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് / ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ 50,501/- രൂപയുടെ ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 50,501/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (31-08-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.07)

<u>1-31 പി.എച്ച്.സി. മാലിന്യ സംസ്കരണം ഹരിത കേരളം - രേഖകൾ ലഭ്യമാക്കിയില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി അഡൂർ
പ്രോജക്ട് നം - SO110/21

പ്രോജക്ടിന്റെ പേര് - പി.എച്ച്.സി. മാലിന്യ സംസ്കരണം ഹരിത കേരളം

അടങ്കൽ - 20,000,/- രൂപ ധനകാര്യ കമ്മീഷൻ -9,660/-,തനത് ഫണ്ട് - 3,840/-

ചെലവ് തുക - 13,500/-രൂപ

ബിൽ /ചെക്ക് നമ്പർ, തീയതി - 73/2020-21 തീയതി.29-03-2021 RS.960/-

- 43/2020-21 തീയതി.29-03-2021 RS.4,800/-
- 37/2020-21 തീയതി.29-03-2021 RS.3,900/-
- 2757669 തീയതി.27.3.2021 RS.3,840/-

പ്രൊജക്ട് നമ്പർ SO110/21 പ്രകാരം അഡൂർ പി.എച്ച്.സി. വേയ്സ്റ്റ് മാനേജ്മെന്റ് – ഹരിത കേരളം 2020-21 ന് വേണ്ടി, മേൽ ബിൽ / ചെക്ക് പ്രകാരം 13,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അഡൂർ പ്രഥമികാരോഗ്യ കേന്ദ്രത്തിലെ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പി.എച്ച്.സി.യിലെ മാലിന്യം ചെങ്കള പി.എച്ച്.സി.യിലേക്ക് എത്തിക്കുന്നതിനും തിരിച്ച് വരുന്നതിന്റെ ചെലവിലേക്കായി വിവിധ മാസങ്ങളിലായി വാഹനം ഓടിയ വകയിൽ ശ്രീ അബ്ദുള്ള കുഞ്ഞി ടി. എന്നയാൾക്ക് കിലോമീറ്ററിന് 15/- രൂപ നിരക്കിൽ ആകെ 13,500/- രൂപ നൽകിയിട്ടുണ്ട് (KL-14-W-5490). പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു .

1) പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.യിലെ മാലിന്യം ചെങ്കള പി.എച്ച്.സി.യിലേക്ക് എത്തിക്കുന്നതിനും തിരിച്ച് വരുന്നതിനും വാഹനം ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും, ക്വട്ടേഷനിൽ പങ്കെടുത്ത വാഹന ഉടമകളുടെ വിശദാംശങ്ങൾ, ക്വട്ടേഷൻ അംഗീകരിച്ചതിന്റെ ഭരണ സമിതിയുടെ തീരുമാനം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 13,500/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (31-08-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.10)

<u>1-32 ഭിന്നശേഷിക്കാർക്ക് വീൽ ചെയർ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. അഡൂർ
പ്രോജക്ട് നം - S0096/21

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്ക് വീൽ ചെയർ

ചെലവ് തുക - 4,00,000/- രൂപ (വികസന ഫണ്ട് (ജനറൽ))

ട്രഷറി ബിൽ നമ്പർ, തീയതി - 64/17-18 / തീയതി 6.3.2021 Rs.2,56,807/-

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 43 ഭിന്നശേഷിക്കാർക്ക് വീൽ ചെയർ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ഇതു പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്ന് 2,56,807/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് വടകര എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.KZD/3648/2020 തിയ്യതി 12.02.2021 പ്രകാരം 22 വീൽ ചെയറും, ഇൻവോയ്സ് നം.KZD/3754/2020 തിയ്യതി 18.02.2021 പ്രകാരം 21 വീൽ ചെയറും സ്ഥാപനം വിതരണം ചെയ്തതിന് ആകെ 2,56,807/- രൂപ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് വടകര എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (അക്കൗണ്ട് നം. 14130200015732).

പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ പദ്ധതിപ്രകാരം ഗ്രാമസഭ അംഗീകരിച്ച് ആനുകൂല്യം കൈപ്പറ്റിയ 43 ഗുണഭോക്താക്കളുടെ അപേക്ഷകളും, ഗുണഭോക്താക്കൾ 40 ശതമാനമോ അധികമോ വൈകല്യം ഉള്ളതാണെന്ന മെഡിക്കൽ ബോർഡ് ഡിസബിലിറ്റി സർട്ടിഫിക്കറ്റും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) വീൽ ചെയർ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) വീൽ ചെയർ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, വീൽ ചെയറുകളുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നീ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 4,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (31-08-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.11)

## 1-33 ആരോഗ്യ ബോധവൽക്കരണ ചുമരെഴുത്ത് - രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി. അഡൂർ

പ്രോജക്ട് നം - S0100/21

പ്രോജക്ടിന്റെ പേര് - ആരോഗ്യ ബോധവൽക്കരണ ചുമരെഴുത്ത്

അടങ്കൽ - 25,000/-രൂപ - തനത് ഫണ്ട്

ചെലവ് തുക – 25,000/-രൂപ

ചെക്ക് നമ്പർ, തീയതി - 2757671തീയതി.29.3.2021 RS.25,000/-

ദേലംപാടി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രദേശങ്ങളിലെ തെരെഞ്ഞെടുത്ത പൊതുയിടങ്ങളിൽ പൊതുജന ശ്രദ്ധ നേടുന്ന സ്ഥലങ്ങളിൽ ആരോഗ്യ സന്ദേശ ബോധവൽക്കരണത്തിന്റെ ഭാഗമായി ചുമരെഴുത്ത് നടത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പ്രവൃത്തി ക്വട്ടേഷൻ ചെയ്തതിൽ ഏറ്റവും കറഞ്ഞ നിരക്ക് ക്വാട്ടുചെയ്ത ദി വൈറ്റ് കാൻവാസ് മുള്ളേരിയ എന്ന സ്ഥാപനത്തിന് ചുമരെഴുത്ത് വരക്കുന്നതിന് സ്ക്വയർ ഫീറ്റിന് 125/- രൂപ നിരക്കിൽ അംഗീകരിച്ച് നൽകി. ചുമരെഴുത്ത് വരച്ചതിന് 25,000/- രൂപ മേൽ ചെക്ക് പ്രകാരം ചെലവഴിച്ചു. ഈ ചെലവുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1) സാങ്കേതികക്ഷമതയുള്ള ഉദ്യോഗസ്ഥർ ചുമരെഴുത്ത് ചെയ്തത് മെഷർമെന്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2)പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നീ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾക്ക് നമ്പർ 06/31.08.2021 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 01.09.2021 ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ അക്കാലയളവിൽ കോവിഡുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ ആയതിനാൽ മേൽ പറഞ്ഞ കാര്യങ്ങൾ സാധിച്ചില്ല എന്നുള്ള മറുപടിയാണ് നൽകിയത്. ഇത്തരം മറുപടി തൃപ്തികരമല്ല. ആയതിനാൽ പ്രൊജക്റ്റ് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 25,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-34 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ക്വട്ടേഷൻ, മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം - S0071/21

പ്രോജക്റ്റിന്റെ പേര് - മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ വെറ്ററിനറി ഡിസ്പെൻസറി ദേലംപാടി

അടങ്കൽ - 98,977/-രൂപ - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് തുക - 98,977/-രൂപ

വൗച്ചർ നമ്പർ, തീയതി - 22001191 തീയതി.18.3.2021 RS.98,977/-

പ്രോജക്റ്റ് നമ്പർ S0071/21 പ്രകാരം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതാനായി 98,977/- രൂപ മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും ചെലവഴിച്ചിട്ടുണ്ട്. വിനായക മെഡിക്കൽസ് കാസർഗോഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് കൊണ്ട് ഈ സ്ഥാപനത്തിന്റെ ബിൽ നമ്പർ KL-KAS – 113050 തിയ്യതി 9.3.2021 പ്രകാരം 98,977/- രൂപ വിലയുള്ള മരുന്നുകൾ മൃഗാശുപത്രിക്ക് വേണ്ടി വാങ്ങിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) പദ്ധതി നടപ്പിലാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചത്, ക്വട്ടേഷൻ അംഗീകരിച്ചത് , ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, വർക്ക് ഓർഡർ നൽകിയത് എന്നിവ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) ഈ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്റ്റുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്റ്റ് വിലയിരുത്തൽ. പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 98,977/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (01-09-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.15)

## 1-35 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

അഡൂർ പി.എച്ച്.സി.യിലേക്ക് മരുന്നുകൾ വാങ്ങിയതിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല. ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം. 22/2018 ത.സ്വ.ഭ.വ. തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 9,14,885/-രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു,

| പ്രോജക്റ്റ് നം | തുക,ബിൽ നം / | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | ചെക്ക് നം / തീയതി | |
| S0089/21, സാന്ത്വന പരിചരണ പരിപാടി | 1)25,851/-രൂപ (ബിൽ നം. 65/ 12.3.2021) 2)19,142/- രൂപ (ബിൽ നം. 57/ 22.2.2021) | 44,993/- രൂപയുടെ മരുന്നുകൾ വാങ്ങിയത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |
| S0235/21 , സാന്ത്വന പരിചരണ പദ്ധതി | 1)66,093/- രൂപ (ചെക്ക്നം.024061/ 16.6.21) | 66,093/- രൂപയുടെയും മരുന്നുകൾ വാങ്ങിയത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |
| S0087/21 , അഡൂർ പി.എച്ച്.സിക്ക് മരുന്നും, ജീവിത ശൈലിരോഗ നിർണ്ണയ സാമഗ്രികളും വാങ്ങൽ | 1)1,86,120/- രൂപ (ബിൽ നം. 76/ 29.3.2021) 2) 3,68,453/- രൂപ (ബിൽ നം.30/ 13.10.2020) 3)1,20,022/-രൂപ (ബിൽ നം.18/ 12.8.2020) 4)1,29,204/- രൂപ (ബിൽ നം. 12/ 10.7.2020) | 8,03,799/-രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ (ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേന സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതെ പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങിയതിന് നമ്പർ. 09/31.08.2021-2021 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 01-09-2021 ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ ദേലംപാടി ഗ്രാമ പഞ്ചായത്ത് ഒരു മലയോര പഞ്ചായത്താണ്. ഈ പഞ്ചായത്തിലുള്ളവർ ആകെ ആശ്രയിക്കുന്ന ആശുപത്രിയാണിത്. ദിനം പ്രതി 120 ൽ പരം രോഗികൾ ഒ.പി യിൽ എത്തുന്നുണ്ട്. അത്കൊണ്ട് വലിയതോതിലുള്ള മരുന്ന് ആവശ്യമായി വരുന്നുണ്ട്. ഇവിടെത്തെ ഫാർമസിയിലേക്ക് ജില്ലാ മെഡിക്കൽ ഓഫീസർ, കെ.എം.സി.എൽ മുഖാന്തിരം ലഭിക്കുന്ന മരുന്ന് മതിയാകാത്തത് കൊണ്ടാണ് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ മരുന്ന് വാങ്ങാൽ പദ്ധതി ഉൾകൊള്ളിച്ചത്, ആശുപത്രി മാനേജ്മെന്റിന്റെ ശുപാർശ പ്രകാരം സപ്ലൈക്കോയിൽ നിന്നും മരുന്ന് വാങ്ങുകയാണ് ഉണ്ടായത്. ഇനി മരുന്ന് വാങ്ങിക്കുമ്പോൾ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുമെന്നും എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ച് പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-36 അസിസ്റ്റന്റ് എഞ്ചിനീയർ - ചില ഫയലുകൾ / വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചില പ്രോജക്ടുകളുടെ ഫയലുകൾ / വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം, തിയതി | തുക | പ്രോജക്റ്റ് നം. / പേര് / ഫണ്ട് |
|---|---|---|---|
| 1 | 84/27.02.2021, | 1,35,871 | 10/21 / ഗൗരിമൂല ഹിദായത്ത് നഗർ റോഡ് ടാറിംഗ് / ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | 95/26.03.2021, | 2,00,000 | 105/21 / അടൂർ ശ്മശാനം നവീകരണം / ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 3 | 100/29.03.2021 | 1,79,115 | 139/21 /അടൂർ മല്ലംപാറ ദേവറഡുക്ക അങ്കണവാടി ചുറ്റുമതിൽ നിർമാണവും മോട്ടോറും കുടിവെള്ളവും / മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| 4 | 104/29.03.2021 | 1,33,816 | 13/21 / കോരിക്കണ്ടം കാട്ടിക്കജെ റോഡ് വികസനം / റോഡ് മെയിന്റനൻസ് ഫണ്ട് |
| 5 | 109/29.03.2021 | 1,97,659 | 120/21 / ഹരിത കേരളം / പൊതു കിണറുകൾക്ക് നെറ്റ് സ്ഥാപിക്കൽ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ആകെ | 8,46,461 | |

മേൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കാൻ 02.09.2021 ന് ഓഡിറ്റ് എൻക്വയറി നം. 19 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്ക് ചെലവഴിച്ച 8,46,461/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-37 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി - കൃത്യമായി യോഗം ചേരുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ (2020-21) 06.07.2020, 15.01.2021 എന്നീ തിയ്യതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. യോഗങ്ങളിൽ മെമ്പർ സെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ് ( സ.ഉ.(സാധാ) 3217/2015/ ത.സ്വ.ഭ.വ. തി. 29.10.2015 ഖ. 2-3-2 കാണുക). എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ ഈ കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും 2020-21 സാമ്പത്തിക വർഷത്തിൽ യോഗം ചേർന്നിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ. 13 തീയ്യതി 01.09-2021)

## 1-38 വയോജനങ്ങൾക്ക് കട്ടിൽ- നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0030/21 |
| പ്രോജക്ട് നം. | S00261/21 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ ദേലംമ്പാടി ഗ്രാമപഞ്ചായത്ത് |
| ചെലവ് തുക | 5,69,800/- രൂപ (ബിൽ നം. 22/ 03.03.2021 വികസന ഫണ്ട് ) 5,79,350/- രൂപ (വികസന ഫണ്ട് – ബിൽ നം. 08/27.08.2020) |
| | ആകെ 11,49,150/- |
| ബിൽ നമ്പർ, തീയതി | 22/ 19-20 / 03-03-2021 – 5,69,800/- 08/19-20/ 27-08-2020 – 4,45,396/- 09/27.08.2020 -1,33,954/- |

വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിക്കായി ആകെ 11,49,150/- രൂപയാണ് വകയിരുത്തിചെലവഴിച്ചത്. 327 പേർക്ക് കട്ടിൽ നൽകുന്നതിനാണ് രണ്ട് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതി 269/21 പ്രകാരം ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കപ്പെട്ടത്. ഒരു കട്ടിലിന് 3,348/- നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചത്. പ്രൊജക്ട് 30/21 പ്രകാരം ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നു നേരിട്ട് വാങ്ങിയ ഒരു കട്ടിലിന് 3,700/- നിരക്കിലാണ് തുക കൈമാറിയത്. 2020-21 വർഷത്തിൽ 11,49,150/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിതരണത്തിനായി കൊണ്ടുവന്ന കട്ടിലുകളിൽ 327 എണ്ണവും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. KKD/589 തി.17.03.2020, KKD/583/ തി.17.03.2020, KKD/ 343/ തി. 26.12.2020 പ്രകാരം ആകെ 327 കട്ടിൽ വിതരണം ചെയ്യുകയും ആകെ 11,49,150/- രൂപ ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.67099281397 ) ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു

1) ജി.ഒ.(പി) നം.259/ 2010/ ത.സ്വ.ഭ.വ. തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷത്തിൽ കവിഞ്ഞ് മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന്

വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

3) ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, ഭരണസമിതി ടെണ്ടർ അംഗീകരിച്ചത്. ലഭ്യമാക്കിയ കട്ടിൽ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

6) പദ്ധതിക്കുവേണ്ടി വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/ 2018 -DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വയോജനങ്ങൾക്ക് കട്ടിൽ വിതരണം പ്രൊജക്ട് പ്രകാരം നടപ്പിലാക്കിയ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേയ്മെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി. യുടെയും (എസ്.ജി.എസ്.ടി 1% , സി.ജി.എസ്.ടി 1% ) ആദായ നികുതിയുടേയും (2%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | സ്ഥാപനം | നൽകിയ തുക | ഈടാക്കേണ്ട ജി.എസ്.ടി. @2% (1+1) | ഈടാക്കേണ്ട ആദായ നികുതി @2% |
|---|---|---|---|---|---|
| 1 | വയോജനങ്ങൾക്ക് കട്ടിൽ പർച്ചേസ് ഇൻവോയ്സ് നം.KKD/343/ 26.12.2020 | ആർട്ട്കോ കോഴിക്കോട് | 5,69,800/- | 11,396/- | 11,396 /- |
| 2 | വയോജനങ്ങൾക്ക് കട്ടിൽ പർച്ചേസ് ഇൻവോയ്സ് KKD/17.03.2020 | ആർട്ട്കോ കോഴിക്കോട് | 4,45,395/- | 8908/- | 8908 |
| 3 | വയോജനങ്ങൾക്ക് കട്ടിൽ പർച്ചേസ് | ആർട്ട്കോ കോഴിക്കോട് | 1,33,954/- | 26,80/- | 2,680/- |

| | | | | | |
|---|---|---|---|---|---|
| | ഇൻവോയ്സ് KKD/589/17.03.2020 | അക്കൗണ്ട് നം.67099281397 | | | |
| | | | | 22,984/- | 22,984/- |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/09.092021) ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ആദായ നികുതി, ജി.എസ്.ടി. എന്നീയിനങ്ങളിൽ സർക്കാരുകൾക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-39 അഗതി രഹിത കേരളം (DFA)- പ്രവർത്തനം മന്ദഗതിയിൽ - ചെലവഴിക്കുവാൻ അവശേഷിക്കുന്നത് - 12,60,610/- ലക്ഷം രൂപ

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ പാർശ്വവൽക്കരിക്കപ്പെട്ട അശരണരായ അഗതികളെ കണ്ടെത്തി പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്നതാണ് പ്രൊജക്റ്റ് ലക്ഷ്യമിടുന്നത്. അഗതി – ആശ്രയ പദ്ധതിക്കു വേണ്ടി ദേലംമ്പാടി ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. ന് അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാതെ വലിയ തുക നീക്കി ബാക്കിയായി സൂക്ഷിച്ചിട്ടുണ്ട്. ഭക്ഷണം, ചികിത്സ, വീട്, സ്ഥലം, കുടിവെള്ളം, സ്വയംതൊഴിൽ അങ്ങനെ എല്ലാ മേഖലകളിലുമുള്ള പുനരധിവാസമാണ് അഗതി – ആശ്രയ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പക്ഷെ ദേലംമ്പാടി ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പിന്നോക്കം പോയിരിക്കുന്നു എന്നാണ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നത്. നിലവിൽ അഗതി – ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ വർഷങ്ങളിലായി ലഭിച്ച പലിശയടക്കം ആകെ 12,60,610/- രൂപ (അക്കൗണ്ട് നം. 40451101043020 KGB അഡൂർ) നീക്കിയിരിപ്പുണ്ട്. ആകെ 101 ഗുണഭോക്താക്കളെയാണ് ഒന്നാം ഘട്ടത്തിൽ അഗതി – ആശ്രയ പദ്ധതിക്കായി തെരെഞ്ഞെടുത്തത്. ആശ്രയ രണ്ടാം ഘട്ട പദ്ധതിക്കായി 4,98,477/- രൂപ ചാലഞ്ച് ഫണ്ടിന്റെ ആദ്യഗഡു കുടുംബശ്രീ മിഷനിൽ നിന്നും 20.08.2020 ൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ അഗതി – ആശ്രയ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

താഴെ കാണിച്ചിട്ടുള്ള ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ (പ്രത്യേകമായി സൂക്ഷിക്കേണ്ടതില്ലെങ്കിൽ) അവസാനിപ്പിച്ച് അക്കൗണ്ടിലുള്ള തുക പ്രവർത്തിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥപനത്തിന്റെ പേര് | നിലവിൽ അക്കൗണ്ടിലുള്ള തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | District Co-Op Bank | 2,09,632/- | 150121201000118 |
| 2 | Agriculture Bank | 1,03,44/- | 1133 Old A/C |
| 3 | Vanitha Bank Adoor | 98,613/- | 1610 Old A/C |
| | ആകെ | 3,18,589/- | |

## 1-40 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം(ടി.എസ്.പി) - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 231/2020-21 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 5,90,278/-രൂപ (വികസന ഫണ്ട്-ടി.എസ്.പി.) |
| ചെലവ് തുക | 5,90,278/- |
| ബിൽ നമ്പർ, തീയതി | 06/20-21 – 590278/- രൂപ 20-05-20 |

2020-21 സാമ്പത്തിക വർഷത്തിൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിക്കായി വികസന ഫണ്ടിൽ (ടി.എസ്.പി.) നിന്നും 5,90,278/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ CNU74999 KL1072 GC002450 തീയ്യതി 31.08.2020 പ്രകാരം 26 ലാപ് ടോപ്പാണ് വാങ്ങിയത്. പദ്ധതിയുടെ ഗുണഭോക്താക്കളായ 26 വിദ്യാർത്ഥികൾക്ക് നാളിതുവരെയായി ലാപ് ടോപ്പ് വിതരണം ചെയ്തിട്ടില്ല. പദ്ധതിക്കുവേണ്ടി വാങ്ങിയ ലാപ് ടോപ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിദ്യാർത്ഥികൾക്ക് എത്രയും പെട്ടന്ന് വിതരണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

**<u>1-41 ലംപ്സം പ്രോവിഷൻ വച്ച് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്</u>**

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.032019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് 12% ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ലംപ്സം തുക വകയിരുത്തുകയും പ്രോജക്ട് നിർവഹണ വേളയിൽ ക്വട്ടേഷൻ അടിസ്ഥാനത്തിൽ സമാഹരിച്ച സാധന സാമഗ്രികളുടെ ഇൻവോയ്സ് പ്രകാരമുള്ള തുക പ്രവൃത്തികളുടെ ബില്ലുകളിൽ മൂല്യമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള തുകകൾക്കു കൂടി 12% ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഇൻവോയ്സുകളിൽ ജി.എസ്.ടി. അടക്കമുള്ള തുകയാണ് ഉള്ളത്. ഈ തുക മുഴുവൻ കരാറുകാർക്ക് അനുവദിക്കുന്നതിനാൽ ഇതിനു മുകളിൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കേണ്ടതില്ല.

ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾക്കു ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ചുവടെ കണക്കാക്കുന്നു

| ക്രമ നം. | പ്രോജക്ടിന്റെ പേര്, കരാറുകാരൻ, അന്തിമ പേമെന്റ് വിവരം | എസ്റ്റിമേറ്റ് പ്രകാരമുള്ള ലംപ്സം ഇനത്തിന്റെ വിവരം | എം.ബുക്ക് പ്രകാരമുള്ള ലംപ്സം ഇനത്തിന്റെ മൂല്യനിർണയം | ഇൻവോയ്സിന്റെ വിവരം | ഇൻവോയ്സ് തുകയ്ക്ക് അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ | നഷ്ടം |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം. 163/21- ദാസറഡുക്ക ജലസേചന | 3 എച്ച്.പി മോട്ടോർ, വൈദ്യുതി | ബിൽ നം. എൽ. 2160, തിയതി 07.02.2020, വിജയ | ബിൽ നം. എൽ. 2160, തിയതി 07.02.2020, | 12%- 4,286 | 4,286 |

| | | | | | | |
|---|---|---|---|---|---|---|
| | പദ്ധതി വിപുലീകരണം<br>കരാറുകാരൻ - റസാഖ് എം.എച്ച്<br>ബിൽ നം. 1970029670/ 11.04.2020, തുക 3,29,769 (വികസന ഫണ്ട് ജനറൽ) | കണക്ഷൻ- 50,000<br>എസ്റ്റിമേറ്റ് നം. 2019/116835) | മാർക്കറ്റിങ്ങ്- 35,717 രൂപ<br>(എം.ബുക്ക് നം.49/19-20) | വിജയ മാർക്കറ്റിങ്ങ്- 35,717 രൂപ | | |
| 2 | പ്രോജക്ട് നം. 181/21 - അട്ടൂർ ആരോഗ്യ ഉപകേന്ദ്രത്തിന് ചുറ്റുമതിലും മോട്ടോർ സ്ഥാപിക്കലും<br>കരാറുകാരൻ- റസാഖ്.എം.എച്ച്<br>ബിൽ നം.1970058690/ 11.04.2020, തുക 66,191 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 0.5എച്ച്.പി മോട്ടോർ- 7,465<br>എസ്റ്റിമേറ്റ് നം. 2019/119120) | 1 എച്ച്.പി മോട്ടോർ<br>ബിൽ നം. എൽ. 2158, തിയതി 07.02.2020, വിജയ മാർക്കറ്റിങ്ങ്- 8,500/- രൂപ<br>(എം.ബുക്ക് നം. 131/19-20) | 1 എച്ച്.പി മോട്ടോർ<br>ബിൽ നം. എൽ. 2158, തിയതി 07.02.2020, വിജയ മാർക്കറ്റിങ്ങ്- 8,500/- രൂപ | 12%- 1,020 | 1,020 |
| 3 | പ്രോജക്ട് നം. 216/21- പരപ്പ ചെണ്ടമൂല കുടിവെള്ള പദ്ധതി<br>കരാറുകാരൻ- റസാഖ്.എം.എച്ച്<br>ബിൽ നം. 19700574166/ 22.09.2020, തുക 6,51,192 (ജില്ലാ പഞ്ചായത്ത് വിഹിതം) | മോട്ടോർ, വൈദ്യുതീകരണം- 52,000/-<br>(എസ്റ്റിമേറ്റ് നം. 2020/25394) | 1.5 എച്ച്.പി മോട്ടോർ<br>ബിൽ നം. 19, തിയതി 26.04.2020, പഞ്ചമി ട്രേഡേഴ്സ്- 45,010/- രൂപ മോട്ടോർ ബോക്സ്- ബിൽ നം. 20, തിയതി 03.05.2020, പഞ്ചമി ട്രേഡേഴ്സ്- 7,021/- രൂപ (ആകെ 52,031 രൂപ, Limited To | 1.5 എച്ച്.പി മോട്ടോർ<br>ബിൽ നം. 19, തിയതി 26.04.2020, പഞ്ചമി ട്രേഡേഴ്സ്- 45,010രൂപ മോട്ടോർ ബോക്സ്- ബിൽ നം. 20, തിയതി 03.05.2020, പഞ്ചമി ട്രേഡേഴ്സ്- 7,021/- രൂപ | 12%- 6,209 | 6,209 |

| | | | | | | |
|---|---|---|---|---|---|---|
| | | | 51,742) (എം.ബുക്ക് നം. 99/19-20) | | | |
| 4 | 229/20-21- ദേവരഡുക്ക പട്ടിക ജാതി കോളനി കുടിവെള്ള പദ്ധതി വിപുലീകരണം<br>കരാറുകാരൻ- റസാഖ്.എം.എച്ച് ചെക്ക് നം. 2757625, തിയതി 30.09.2020, തുക- 99,005 രൂപ (തനതു ഫണ്ട്) | വാട്ടർ മീറ്റർ, മീറ്റർ ബോക്സ്- 60,000 (എസ്റ്റിമേറ്റ് നം. 2020/20680) | വാട്ടർ മീറ്റർ<br>ബിൽ നം. 20000913, തിയതി 07.09.2020, മഹാലക്ഷ്മി ഇലക്ട്രിക്കൽസ് - 49,500 രൂപ വാട്ടർ മീറ്റർ ബോക്സ് - ബിൽ നം. 175, തിയതി 07.09.2020, രക്ഷ ആർ.സി.സി - 10,500രൂപ (ആകെ 60,000രൂപ)<br>(എം.ബുക്ക് നം.93/19-20) | വാട്ടർ മീറ്റർ<br>ബിൽ നം. 20000913, തിയതി 07.09.2020, മഹാലക്ഷ്മി ഇലക്ട്രിക്കൽസ് - 49,500രൂപ വാട്ടർ മീറ്റർ ബോക്സ് - ബിൽ നം. 175, തിയതി 07.09.2020, രക്ഷ ആർ.സി.സി - 10,500/- രൂപ | 12%- 7,200 | 7,200 |
| 5 | 215/20-21- കൊറക്കാന കുടിവെള്ള പദ്ധതിക്കും പല അങ്കണവാടി കൾക്കും ബോർവെൽ<br>കരാറുകാരൻ- റസാഖ് എം.എച്ച്. ബിൽ നം. 9700456439 തിയതി 21.08.2020, തുക - 2,20,984 രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | മോട്ടോർ ആന്റ് ആക്സസറീസ്- 92,000<br>(എസ്റ്റിമേറ്റ് നം. 2020/9727) | 1 എച്ച്.പി മോട്ടോർ<br>ബിൽ നം. എൽ.0321, തിയതി 20.06.2020, വിജയ മാർക്കറ്റിങ്ങ്- 40,500 രൂപ (എം.ബുക്ക് നം. 61/19-20) | 1 എച്ച്.പി മോട്ടോർ<br>ബിൽ നം. എൽ.0321, തിയതി 20.06.2020, വിജയ മാർക്കറ്റിങ്ങ്- 40,500 രൂപ | 12%- 4,860 | 4,860 |
| | | | | | | 23,575 |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.17/തിയതി 02.09.2021 മുഖേന വിശദീകരണങ്ങൾ ആരാഞ്ഞെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈ

പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-42 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ആദായ നികുതി- നിരക്കിൽ കുറവ്- കേന്ദ്ര സർക്കാരിന് നഷ്ടം

ആദായ നികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം വ്യക്തികൾക്കോ ഹിന്ദു അവിഭക്ത കുടുംബങ്ങൾക്കോ അല്ലാതെ നടത്തുന്ന എല്ലാ പേമെന്റുകളിൽ നിന്നും 2% തുക ആദായ നികുതിയിനത്തിൽ കുറവ് ചെയ്ത് അടക്കാൻ പേമെന്റ് നടത്തുന്നയാൾ ബാദ്ധ്യസ്ഥനാണ്. എന്നാൽ ദേലംപാടി ഗ്രാമപഞ്ചായത്തിൽ ചില മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ മഹാത്മ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് പേമെന്റുകൾ നടത്തുമ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ ആദായ നികുതിയിനത്തിൽ കുറവ് ചെയ്തത് 1% തുക മാത്രമാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, ചെലവ് വിവരം | പേമെന്റ് നടത്തിയ വൗച്ചർ നം, തിയതി, തുക | ആകെ പ്രവൃത്തി മൂല്യം | ആദായ നികുതി- കുറവ് ചെയ്ത തുക @1% | ആദായ നികുതി-കുറവ് വരുത്തേണ്ട തുക @2% | കുറവ് |
|---|---|---|---|---|---|---|
| 1 | 199/21- നാട്ടക്കൽ നെച്ചിപ്പടുപ്പ് നടപ്പാത | 28/25.05.2020 തുക- 5,62,314 | 5,02,066 | 5,021 | 10,041 | 5,020 |
| 2 | 175/21- പാണംപാറ കരിമ്പിൻമൂല നടപ്പാത കോൺക്രീറ്റ് | 05/21- 23.04.2020, തുക- 4,54,766 | 4,06,041 | 4,060 | 8,121 | 4,061 |
| 3 | 208/21- ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിട ത്തിന് പ്രവേശന കവാ ടവും ചുറ്റുമതിലും | 39/15.09.2020 തുക- 4,17,000 | 3,72,322 | 3,723 | 7,446 | 3,723 |
| | | | | | | 12,804 |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.21, തിയതി 02.09.2021 മുഖേന വിശദീകരണങ്ങൾ ആരാഞ്ഞെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം ഈ പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-43 മരാമത്ത് പ്രവൃത്തികളിൽ കിളച്ച മാറ്റിയ മണ്ണ് റോയൽറ്റി അടക്കാതെയും ട്രാൻസിറ്റ് പാസ് ഇല്ലാതെയും വിൽപ്പന നടത്തി-സർക്കാരിന് നഷ്ടം**

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ രണ്ടു മരാമത്ത് പ്രവൃത്തികളിൽ വലിയ അളവിൽ മണ്ണ് കിളച്ച നീക്കിയിട്ടുണ്ട്. ഈ മണ്ണ് ക്വട്ടേഷൻ അടിസ്ഥാനത്തിൽ പഞ്ചായത്ത് വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015 ലെ കേരള മിനറൽസ് (അനധികൃത ഖനനം , സംഭരണം, കടത്ത് എന്നിവ തടയൽ) റൂൾസ് എന്നിവയിലെ പ്രധാന വ്യവസ്ഥകൾ പാലിക്കാതെയാണ് ഈ പ്രവൃത്തികളിലെ മണ്ണ് പഞ്ചായത്ത് വിൽപ്പന നടത്തിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം.77/20, 209/21- ഉജംപാടി ഗ്രൗണ്ട് വികസനം, ചുറ്റുമതിൽ

ഫണ്ട്- 8 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കരാറുകാരൻ- ശ്രീ.അനസ് ഇ.എ.

ചെലവ്- 5,76,911 രൂപ (ബിൽ നം 9701164737/ 26.02.2021)

എസ്റ്റിമേറ്റ് നം- 2019/52708

ഈ എസ്റ്റിമേറ്റിൽ ഒരിനം പ്രവൃത്തി മാത്രമാണ് ഉള്ളത്. ഇനം 1 പ്രകാരം 4117.50cum മണ്ണ് കിളച്ച് 50 മീറ്റർ ദൂരെ കൊണ്ടു പോയി ഇട്ട് മണ്ണ് ലെവൽ ചെയ്യുന്നതിനും ഡ്രസ് ചെയ്യുന്നതിനുമായി Cum ന് 173.24 രൂപ നിരക്കിൽ 7,13,315.70 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കട്ട് ചെയ്ത് കിട്ടുന്ന മണ്ണ് ഭരണ സമിതി കൂടി ലേലം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് പരാമർശിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ ഫൈനൽ ലെവൽ പ്രകാരം 4448.15 Cum മണ്ണ് കട്ട് ചെയ്തിട്ടുണ്ട്. ഫില്ലിംഗ് ചെയ്തിട്ടില്ല. എം.ബുക്ക് നം. 65/19-20 ൽ രേഖപ്പെടുത്തിയ പ്രകാരം ഫൈനൽ ലെവൽ അളവുകൾ എസ്റ്റിമേറ്റ് അളവ് ആയ 4117 Cum ലേക്ക് പരിമിതപ്പെടുത്തി കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കായ 125.10/Cum അടിസ്ഥാനപ്പെടുത്തി 5,15,099/- രൂപയുടെ മൂല്യം ഈയിനത്തിന് നിർണയിച്ചിട്ടുണ്ട്. ഈ മൂല്യത്തിനൊപ്പം 12% ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടുത്തി 5,76,911/- രൂപ ഈ പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെ 27.06.2019 ലെ 1/160/2019 (2) നമ്പർ തീരുമാന പ്രകാരം ചുറ്റുമതിൽ നിർമാണം അടുത്ത വർഷത്തേക്ക് മാറ്റി വയ്ക്കാനും നിലവിലുള്ള ഗ്രൗണ്ടിന്റെ മണ്ണ് പൊതു ലേലം വിളിച്ച് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും തീരുമാനിക്കുകയുണ്ടായി.

കരാറുകാരനായ ശ്രീ.അനസ് ഇ.എ 16.09.2019 ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയച്ച കത്തിൽ കിളച്ച മാറ്റിയ മണ്ണ് എടുത്ത് മാറ്റാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ 15.11.2019 ന് പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമുണ്ടെന്നും ആയത് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കത്തിൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തുടർന്ന് അസ്സിസ്റ്റന്റ് എഞ്ചിനീയർ 14.11.2019 തിയതിയിൽ ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കിയതായും ശ്രീ.അബ്ബാസ് ഹസ്സൻ കുട്ടി (7,000/- രൂപ), അർഷാദ് (6,500/- രൂപ), അഷ്റഫ് (6,000/- രൂപ) എന്നിവർ ക്വട്ടേഷൻ നൽകിയതായും കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 09.03.2020 ലെ 2/64/2020 (1) നമ്പർ തീരുമാനത്തിൽ ശ്രീ.അബ്ബാസ് ഹസ്സൻകുട്ടിയുടെ ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ നിർവഹണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2015 ലെ കേരള മിനറൽസ് (അനധികൃത ഖനനം , സംഭരണം, കടത്ത് എന്നിവ തടയൽ) റൂൾസിലെ റൂൾ 3 (1) പ്രകാരം, 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരമുള്ള ക്വാറിയിംഗ് പെർമിറ്റ് ഇല്ലാത്ത ഒരാൾക്കും 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ ഷെഡ്യൂൾ I ൽ

ഉൾപ്പെട്ടിട്ടുള്ള മിനറൽസോ മിനറൽ ഉൽപ്പന്നങ്ങളോ സംഭരിക്കാനോ വിൽപ്പന നടത്താനോ പാട്ടുള്ളതല്ല. മണ്ണ് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ ഷെഡ്യൂൾ I ൽ ഉൾപ്പെട്ടിട്ടുള്ള മിനറൽ ആണ്. ആയതിനാൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരമുള്ള ക്വാറിയിംഗ് പെർമിറ്റ് ഇല്ലാതെ 4448 Cum മണ്ണ് 7,000/- രൂപയ്ക്ക് വിൽപ്പന നടത്തിയ പഞ്ചായത്തിന്റെ നടപടി ശരിയല്ല. കൂടാതെ, 2015 ലെ കേരള മിനറൽസ് (അനധികൃത ഖനനം , സംഭരണം, കടത്ത് എന്നിവ തടയൽ) റൂൾസിലെ റൂൾ 3 (3) പ്രകാരം, ഈ ചട്ടങ്ങൾ പ്രകാരം നൽകിയ സാധുതയുള്ള ഒരു മിനറൽ ട്രാൻസിറ്റ് പാസ്സ് ഇല്ലാതെ ഒരാളും മിനറലുകളോ മിനറൽ ഉൽപ്പന്നങ്ങളോ ട്രാൻസ്പോർട്ട് ചെയ്യാനോ ട്രാൻസ്പോർട്ട് ചെയ്യിക്കുകയോ ചെയ്യാൻ പാട്ടുള്ളതല്ല. ആയതിനാൽ മേൽ വിവരിച്ച ചട്ടങ്ങൾ പാലിക്കാതെ മണ്ണ് വിൽപ്പന ചെയ്ത പഞ്ചായത്തിന്റെ നടപടി ചട്ട വിരുദ്ധമാണ്.

2. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ ഷെഡ്യൂൾ I (റൂൾ 3,7) പ്രകാരം സാധാരണ മണ്ണിന്റെ റോയൽറ്റി നിരക്ക് ഒരു Cum ന് 40 രൂപയാണ്. 4448.15 Cum മണ്ണിന് ട്രാൻസിറ്റ് പാസ് എടുക്കാൻ സർക്കാരിന് 1,77,926/- രൂപ റോയൽറ്റിയായി അടക്കേണ്ടിയിരുന്നു. എന്നാൽ ചട്ടവിരുദ്ധമായി ഈ മണ്ണ് വിൽപ്പന നടത്തിയതിനാൽ സർക്കാരിന് റോയൽറ്റിയിനത്തിൽ 1,77,926/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3. ഈപ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ എന്നിവ പ്രകാരം മണ്ണ് പൊതു ലേലത്തിലൂടെയായിരുന്നു വിൽക്കേണ്ടിയിരുന്നത്. എന്നാൽ ക്വട്ടേഷൻ വിളിച്ചാണ് മണ്ണ് വിൽപ്പന നടത്തിയിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസിൽ ഒരിടത്തു പോലും മൈനിംഗ് മിനറൽ സംബന്ധിക്കുന്ന മേൽ ചട്ടങ്ങൾ പാലിച്ചിരിക്കണമെന്ന് നിബന്ധന ചെയ്തിട്ടില്ല. പഞ്ചായത്ത് നേരിട്ട് മണ്ണ് വിൽപ്പന നടത്തിയതിനാൽ മൈനിംഗ് മിനറൽ സംബന്ധിക്കുന്ന ചട്ടങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താനും റോയൽറ്റിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താനും പഞ്ചായത്തിന് ബാദ്ധ്യതയുണ്ടായിരുന്നു.എന്നാൽ ഇക്കാര്യം പഞ്ചായത്ത് പാലിച്ചിട്ടില്ല.

4. മണ്ണ് വാങ്ങിയ അബ്ബാസ് ഹസ്സൻകുട്ടിയുടെ പക്കൽ നിന്നും ക്വട്ടേഷൻ തുകയായ 7,000 രൂപ ഈടാക്കി പഞ്ചായത്തിൽ അടച്ചതായി ഫയലിൽ കാണുന്നില്ല.

<u>2) പ്രോജക്ട് നം.86/20, 210/21- പള്ളങ്കോട് ബദണ റോഡ് വികസനം</u>

ഫണ്ട്- 5 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കരാറുകാരൻ- ശ്രീ.അബ്ദുള്ള.എം.ഇ

ചെലവ്- 2,78,293 രൂപ (ബിൽ നം 9701164745/26.02.2021)

എസ്റ്റിമേറ്റ് നം- 2019/107165

ടി.എസ് നം.87952/2019-20

ഈ എസ്റ്റിമേറ്റിലെ ഇനം 1ന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

3.5.2- Excavation In Soilwith Dozer With Lead Upto 100m- 2532 Cum @60.59/Cum= 1,53,413.88

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കട്ട് ചെയ്ത് കിട്ടുന്ന മണ്ണ് ഭരണ സമിതി കൂടി ലേലം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് പരാമർശിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ ഫൈനൽ ലെവൽ പ്രകാരം 1991.20 Cum മണ്ണ് കട്ട് ചെയ്യുകയും 249.60 Cum മണ്ണ് ഫില്ല് ചെയ്യുകയും ചെയ്തിട്ടുണ്ട്. എം.ബുക്ക് നം. 97/19-20 ൽ രേഖപ്പെടുത്തിയ പ്രകാരം ഫൈനൽ ലെവൽ അളവ് ആയ 1991.2 Cum ന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കായ 49/Cum അടിസ്ഥാനപ്പെടുത്തി 97,568.80രൂപയുടെ മൂല്യം ഈയിനത്തിന് നിർണയിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തി ഇനങ്ങളുടെ മൂല്യമടക്കം 2,63,696.80 രൂപയുടെ മൂല്യം നിർണയിച്ച ഈ പ്രോജക്ടിന് 12% ജി.എസ്.ടി കോമ്പൻസേഷൻ ഉൾപ്പെടുത്തി 2,78,293രൂപ ചെലവഴിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയിൽ കിളച്ച് മാറ്റിയ മണ്ണ് വിൽപ്പന നടത്തുന്നതിന് അസ്സിസ്റ്റന്റ് എഞ്ചിനീയർ ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കിയതായി കാണുന്നില്ല. ശ്രീ.മജീദ് ബാദണ(1,700 രൂപ), ഹാഷിം.പി.എച്ച് (1,400

രൂപ), അബ്ദുൾ റസാഖ് (1,500 രൂപ) എന്നിവർ നൽകിയ ക്വട്ടേഷൻ ഫയലിൽ ഉണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 09.03.2020 ലെ 2/64/2020 (2) നമ്പർ തീരുമാനത്തിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത ശ്രീ.മജീദ് ബദനയുടെ ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ നിർവഹണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2015 ലെ കേരള മിനറൽസ് (അനധികൃത ഖനനം , സംഭരണം, കടത്ത് എന്നിവ തടയൽ) റൂൾസിലെ റൂൾ 3 (1) പ്രകാരം, 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരമുള്ള ക്വാറിയിംഗ് പെർമിറ്റ് ഇല്ലാത്ത ഒരാൾക്കും 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ ഷെഡ്യൂൾ I ൽ ഉൾപ്പെട്ടിട്ടുള്ള മിനറൽസോ മിനറൽ ഉൽപ്പന്നങ്ങളോ സംഭരിക്കാനോ വിൽപ്പന നടത്താനോ പാടുള്ളതല്ല. മണ്ണ് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ ഷെഡ്യൂൾ I ൽ ഉൾപ്പെട്ടിട്ടുള്ള മിനറൽ ആണ്. ആയതിനാൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരമുള്ള ക്വാറിയിംഗ് പെർമിറ്റ് ഇല്ലാതെ 1741.6 Cum (1991.20- 249.60 Cum) മണ്ണ് 1,700 രൂപയ്ക്ക് വിൽപ്പന നടത്തിയ പഞ്ചായത്തിന്റെ നടപടി ശരിയല്ല. കൂടാതെ, 2015 ലെ കേരള മിനറൽസ് (അനധികൃത ഖനനം , സംഭരണം, കടത്ത് എന്നിവ തടയൽ) റൂൾസിലെ റൂൾ 3 (3) പ്രകാരം, ഈ ചട്ടങ്ങൾ പ്രകാരം നൽകിയ സാധുതയുള്ള ഒരു മിനറൽ ട്രാൻസിറ്റ് പാസ്സ് ഇല്ലാതെ ഒരാളും മിനറലുകളോ മിനറൽ ഉൽപ്പന്നങ്ങളോ ട്രാൻസ്പോർട്ട് ചെയ്യാനോ ട്രാൻസ്പോർട്ട് ചെയ്യിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ആയതിനാൽ മേൽ വിവരിച്ച ചട്ടങ്ങൾ പാലിക്കാതെ മണ്ണ് വിൽപ്പന ചെയ്ത പഞ്ചായത്തിന്റെ നടപടി ചട്ട വിരുദ്ധമാണ്.

2. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ ഷെഡ്യൂൾ I (റൂൾ 3,7) പ്രകാരം സാധാരണ മണ്ണിന്റെ റോയൽറ്റി നിരക്ക് ഒരു Cum ന് 40 രൂപയാണ്. 1,741.60 Cum മണ്ണിന് ട്രാൻസിറ്റ് പാസ് എടുക്കാൻ സർക്കാരിന് 69,664 രൂപ റോയൽറ്റിയായി അടക്കേണ്ടിയിരുന്നു. എന്നാൽ ചട്ടവിരുദ്ധമായി ഈ മണ്ണ് വിൽപ്പന നടത്തിയതിനാൽ സർക്കാരിന് റോയൽറ്റിയിനത്തിൽ 69,664 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ എന്നിവ പ്രകാരം മണ്ണ് പൊതു ലേലത്തിലൂടെയായിരുന്നു വിൽക്കേണ്ടിയിരുന്നത്. എന്നാൽ ക്വട്ടേഷൻ വിളിച്ചാണ് മണ്ണ് വിൽപ്പന നടത്തിയിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസിൽ ഒരിടത്തു പോലും മൈനിംഗ് മിനറൽ സംബന്ധിക്കുന്ന മേൽ ചട്ടങ്ങൾ പാലിച്ചിരിക്കണമെന്ന് നിബന്ധന ചെയ്തിട്ടില്ല. പഞ്ചായത്ത് നേരിട്ട് മണ്ണ് വിൽപ്പന നടത്തിയതിനാൽ മൈനിംഗ് മിനറൽ സംബന്ധിക്കുന്ന ചട്ടങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താനും റോയൽറ്റിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താനും പഞ്ചായത്തിന് ബാദ്ധ്യതയുണ്ടായിരുന്നു.എന്നാൽ ഇക്കാര്യം പഞ്ചായത്ത് പാലിച്ചിട്ടില്ല.

4. മണ്ണ് വാങ്ങിയ അബ്ബാസ് ഹസ്സൻകുട്ടിയുടെ പക്കൽ നിന്നും ക്വട്ടേഷൻ തുകയായ 1,700 രൂപ ഈടാക്കി പഞ്ചായത്തിൽ അടച്ചതായി ഫയലിൽ കാണുന്നില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.18, തിയതി 02.09.2021 മുഖേന വിശദീകരണങ്ങൾ ആരാഞ്ഞെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ കേരള സർക്കിനുണ്ടായ നഷ്ടം 2,47,590 രൂപ ( 1,77,926+ 69,664) ഈ പ്രവൃത്തികൾ നടപ്പിലാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ മണ്ണിന്റെ വിൽപ്പന തുക 8,700 രൂപ (7,000+1,700) പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. ഈ തുക ഈടാക്കിയിട്ടില്ലാത്ത പക്ഷം തുക പ്രവൃത്തികൾ നടപ്പിലാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-44 കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ / ലെറ്റർ ഓഫ്

ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപ്പാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000/- രൂപ, കൂടിയത് 25,000/- രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കുമുള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി. തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് പിഴ കൂടാതെ കരാറിൽ ഏർപ്പെടാവുന്ന കാലയളവും പിന്നിട്ട ശേഷമാണ്. ചില പ്രവൃത്തികളിൽ കരാറുകാരുമായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിയമപരമായി കരാറിൽ ഏർപ്പെടാവുന്ന സമയത്തിനു ശേഷവും ഈ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

നോട്ടിഫൈ ചെയ്ത 14 ദിവസങ്ങൾക്കു ശേഷമുള്ള കരാർ ആയതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ചുള്ള പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറിൽ ഏർപ്പെടാമായിരുന്നുള്ളൂ. എന്നാൽ പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, കരാർ തുക, കരാർ നം, തിയതി | സെലക്ഷൻ നോട്ടീസ് നമ്പർ, തിയതി<br>രജിസ്റ്റർ ചെയ്ത തിയതി | പിഴയില്ലാതെ കരാർ വയ്ക്കാമായിരുന്ന തിയതി | കരാർ തിയതി | ഈടാക്കേണ്ട പിഴ തുക |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം. 65/20-21, തെക്കേമൂല ഒട്യനടുക്ക റോഡ് വികസനം<br>കരാറുകാരൻ- അബ്ദുൾ ഖാദർ.എം.പി<br>കരാർ നം, തിയതി- AE/ LSGD/ DP/24/2020-21, 18.08.2020 കരാർ തുക- 1,42,442 | നമ്പർ ഇല്ല, തിയതി 21.07.2020<br>രജിസ്റ്റർ ചെയ്ത തിയതി- 25.07.2020 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് പ്രകാരം) | 08.08.2020 | 18.08.2020 | 1,424 |
| 2 | പ്രോജക്ട് നം. 06/20-21, പാണമ്പാറ മല്ലമ്പാറ ഫുട്പാത്ത് കോൺക്രീറ്റ് | നമ്പർ ഇല്ല, തിയതി 08.09.2020 | 22.09.2020 | 05.10.2020 | 3,078 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ തമ്പാൻ നായർ എ<br>കരാർ നം, തിയതി- AE/LSGD/DP/53/2020-21, 05.10.2020 കരാർ തുക- 3,07,767 | രജിസ്റ്റർ ചെയ്ത തിയതി- ഇല്ല (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് ഫയലിൽ ഇല്ല) | | | |
| 3 | പ്രോജക്ട് നം. 03/20-21, മല്ലംപാറ കരിമ്പിൻമൂല ഫുട്പാത്ത് കോൺക്രീറ്റ്<br>കരാറുകാരൻ - റസാഖ് എം.എച്ച്. കരാർ നം, തിയതി - AE/LSGD/DP/ 39/ 2020-21, 29.09.2020 കരാർ തുക- 3,00,580 | നമ്പർ ഇല്ല, തിയതി 08.09.2020<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 22.09.2020 | 29.09.2020 | 3,006 |
| 4 | പ്രോജക്ട് നം. 123/20-21, കുണ്ടാർ തുക്കു പാലം റിപ്പയർ കരാറുകാരൻ- റസാഖ്.എം.എച്ച്<br>കരാർ നം, തിയതി- AE/ LSGD/ DP/ 08/ 2020-21, 11.08.2020 കരാർ തുക- 1,61,949 | നമ്പർ ഇല്ല, തിയതി 21.07.2020<br>രജിസ്റ്റർ ചെയ്ത തിയതി- 25.07.2020 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് പ്രകാരം) | 08.08.2020 | 11.08.2020 | 1,619 |
| 5 | പ്രോജക്ട് നം. 191/20-21, മണിയൂർ അങ്കണ വാടിയിൽ മെയിന്റ നൻസ് കരാറുകാരൻ- അബ്ദുൾ ഖാദർ എം.പി കരാർ നം, തിയതി- AE/ LSGD/ DP/46/ | നമ്പർ ഇല്ല, തിയതി 30.10.2019<br>രജിസ്റ്റർ ചെയ്ത തിയതി- 30.10.2019 (രജിസ്റ്റേർഡ് | 13.11.2019 | 19.11.2019 | 1,455 |

| | | | | | | |
|---|---|---|---|---|---|---|
| | | 2019-20, 19.11.2019 കരാർ തുക- 1,45,544 | പോസ്റ്റ് അക്നോള ഡ്ജ്മെന്റ് പ്രകാരം) | | | |
| | 6 | പ്രോജക്റ്റ് നം. 180/20-21, പള്ളഞ്ചി കമ്മ്യൂണിറ്റിഹാൾ റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- അരവിന്ദാക്ഷൻ കെ. കരാർ നം, തിയതി- AE/LSGD/DP/73/2019-20, 31.12.2019 കരാർ തുക- 4,22,990 | നമ്പർ ഇല്ല, തിയതി 02.12.2019<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് ഇല്ല) | 16.12.2019 | 31.12.2019 | 4,230 |
| | 7 | പ്രോജക്റ്റ് നം.178/20-21, ഏവണ്ണൂർ കണ്ണങ്കടവ് റോഡിൽ ബീപ്പുങ്കാലിൽ കൾവർട്ട്<br>കരാറുകാരൻ- അബ്ദുൾ ഖാദർ.എം.പി.<br>കരാർ നം, തിയതി- AE/LSGD/DP/45/2019-20, 19.11.2019<br>കരാർ തുക- 1,81,530 | നമ്പർ ഇല്ല, തിയതി 30.10.2019<br>രജിസ്റ്റർ ചെയ്ത തിയതി- 01.11.2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് പ്രകാരം) | 15.11.2019 | 19.11.2019 | 1,815 |
| | 8 | പ്രോജക്റ്റ് നം. 177/20-21, അട്ടൂർ ബസ്സ്സ്റ്റാന്റ് റോഡ് റീടാറിംഗ്<br>കരാറുകാരൻ- അബ്ദുൾ ഖാദർ എം.പി.<br>കരാർ നം, തിയതി- AE/ LSGD/DP/49/ 2019-20, 19.11.2019<br>കരാർ തുക- 2,56,096 | നമ്പർ ഇല്ല, തിയതി 30.10.2019<br>രജിസ്റ്റർ ചെയ്ത തിയതി- 01.11.2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് പ്രകാരം) | 15.11.2019 | 19.11.2019 | 2,561 |
| | 9 | പ്രോജക്റ്റ് നം. 223/20-21, കല്ലക്കട്ട കണ്ണങ്കോൾ റോഡ് ടാറിംഗ് | നമ്പർ ഇല്ല, തിയതി 30.10.2019 | 15.11.2019 | 19.11.2019 | 5,618 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ- അബ്ദുൾ ഖാദർ എം.പി.<br>കരാർ നം, തിയതി- AE/ LSGD/DP/40/ 2019-20, 19.11.2019<br>കരാർ തുക- 5,61,770 | രജിസ്റ്റർ ചെയ്ത തിയതി- 01.11.2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് പ്രകാരം) | | | |
| 10 | പ്രോജക്ട് നം. 206/20-21, ബലക്കള പഞ്ചള റോഡ് വികസനം<br>കരാറുകാരൻ- അബ്ദുൾ ഖാദർ എം.പി.<br>കരാർ നം, തിയതി- AE/ LSGD/DP/39/ 2019-20, 19.11.2019<br>കരാർ തുക- 6,66,703 | നമ്പർ ഇല്ല, തിയതി 30.10.2019<br>രജിസ്റ്റർ ചെയ്ത തിയതി- 01.11.2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് പ്രകാരം) | 15.11.2019 | 19.11.2019 | 6,667 |
| | ആകെ | | | | 31,473 |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.16, തിയതി 02.09.2021 മുഖേന വിശദീകരണങ്ങൾ ആരാഞ്ഞെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈ പ്രവൃത്തികളിൽ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ലംപ്സം പ്രോവിഷൻ വച്ച് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.032019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇൻഡക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് 12% ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ലംപ്സം തുക വകയിരുത്തുകയും പ്രോജക്ട് നിർവഹണ വേളയിൽ ക്വട്ടേഷൻ അടിസ്ഥാനത്തിൽ സമാഹരിച്ച സാധന സാമഗ്രികളുടെ ഇൻവോയ്സ് പ്രകാരമുള്ള

തുക പ്രവൃത്തികളുടെ ബില്ലുകളിൽ മൂല്യമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള തുകകൾക്കു കൂടി 12% ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഇൻവോയ്സുകളിൽ ജി.എസ്.ടി. അടക്കമുള്ള തുകയാണ് ഉള്ളത്. ഈ തുക മുഴുവൻ കരാറുകാർക്ക് അനുവദിക്കുന്നതിനാൽ ഇതിനു മുകളിൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കേണ്ടതില്ല.

ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾക്കു ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ചുവടെ കണക്കാക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, കരാറുകാരൻ, അന്തിമ പേമെന്റ് വിവരം | എസ്റ്റിമേറ്റ് പ്രകാരമുള്ള ലംപ്സം ഇനത്തിന്റെ വിവരം | എം.ബുക്ക് പ്രകാരമുള്ള ലംപ്സം ഇനത്തിന്റെ മൂല്യനിർണയം | ഇൻവോയ്സിന്റെ വിവരം | ഇൻവോയ്സ് തുകയ്ക്ക് അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ | നഷ്ടം |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം. 163/21-ദാസറഡുക്ക ജലസേചന പദ്ധതി വിപുലീകരണം<br>കരാറുകാരൻ - റസാഖ് എം.എച്ച്<br>ബിൽ നം. 1970029670/ 11.04.2020, തുക 3,29,769 (വികസന ഫണ്ട് ജനറൽ) | 3 എച്ച്.പി മോട്ടോർ, വൈദ്യുതി കണക്ഷൻ- 50,000<br>എസ്റ്റിമേറ്റ് നം. 2019/116835) | ബിൽ നം. എൽ. 2160, തിയതി 07.02.2020, വിജയ മാർക്കറ്റിങ്ങ്- 35,717 രൂപ<br>(എം.ബുക്ക് നം.49/19-20) | ബിൽ നം. എൽ. 2160, തിയതി 07.02.2020, വിജയ മാർക്കറ്റിങ്ങ്- 35,717 രൂപ | 12%- 4,286 | 4,286 |
| 2 | പ്രോജക്ട് നം. 181/21 - അട്ടൂർ ആരോഗ്യ ഉപകേന്ദ്രത്തിന് ചുറ്റുമതിലും മോട്ടോർ സ്ഥാപിക്കലും<br>കരാറുകാരൻ- റസാഖ്.എം.എച്ച്<br>ബിൽ നം.1970058690/ 11.04.2020, തുക 66,191 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 0.5എച്ച്.പി മോട്ടോർ- 7,465<br>എസ്റ്റിമേറ്റ് നം. 2019/119120) | 1 എച്ച്.പി മോട്ടോർ<br>ബിൽ നം. എൽ. 2158, തിയതി 07.02.2020, വിജയ മാർക്കറ്റിങ്ങ്- 8,500/- രൂപ<br>(എം.ബുക്ക് നം. 131/19-20) | 1 എച്ച്.പി മോട്ടോർ<br>ബിൽ നം. എൽ. 2158, തിയതി 07.02.2020, വിജയ മാർക്കറ്റിങ്ങ്- 8,500/- രൂപ | 12%- 1,020 | 1,020 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പ്രോജക്റ്റ് നം. 216/21- പരപ്പ ചെണ്ടമൂല കുടിവെള്ള പദ്ധതി<br>കരാറുകാരൻ- റസാഖ്.എം.എച്ച്<br>ബിൽ നം. 19700574166/ 22.09.2020, തുക 6,51,192 (ജില്ലാ പഞ്ചായത്ത് വിഹിതം) | മോട്ടോർ, വൈദ്യുതീകരണം- 52,000/-<br>(എസ്റ്റിമേറ്റ് നം. 2020/25394) | 1.5 എച്ച്.പി മോട്ടോർ<br>ബിൽ നം. 19, തിയതി 26.04.2020, പഞ്ചമി ട്രേഡേഴ്സ്- 45,010/- രൂപ മോട്ടോർ ബോക്സ്- ബിൽ നം. 20, തിയതി 03.05.2020, പഞ്ചമി ട്രേഡേഴ്സ്- 7,021/- രൂപ (ആകെ 52,031 രൂപ, Limited To 51,742) (എം.ബുക്ക് നം. 99/19-20) | 1.5 എച്ച്.പി മോട്ടോർ<br>ബിൽ നം. 19, തിയതി 26.04.2020, പഞ്ചമി ട്രേഡേഴ്സ്- 45,010രൂപ മോട്ടോർ ബോക്സ്- ബിൽ നം. 20, തിയതി 03.05.2020, പഞ്ചമി ട്രേഡേഴ്സ്- 7,021/- രൂപ | 12%- 6,209 | 6,209 |
| 4 | 229/20-21- ദേവരഡുക്ക പട്ടിക ജാതി കോളനി കുടിവെള്ള പദ്ധതി വിപുലീകരണം<br>കരാറുകാരൻ- റസാഖ്.എം.എച്ച്<br>ചെക്ക് നം. 2757625, തിയതി 30.09.2020, തുക- 99,005 രൂപ (തനതു ഫണ്ട്) | വാട്ടർ മീറ്റർ, മീറ്റർ ബോക്സ്- 60,000<br>(എസ്റ്റിമേറ്റ് നം. 2020/20680) | വാട്ടർ മീറ്റർ<br>ബിൽ നം. 20000913, തിയതി 07.09.2020, മഹാലക്ഷ്മി ഇലക്ട്രിക്കൽസ് - 49,500 രൂപ വാട്ടർ മീറ്റർ ബോക്സ് - ബിൽ നം. 175, തിയതി 07.09.2020, രക്ഷ ആർ.സി.സി - 10,500രൂപ (ആകെ 60,000രൂപ)<br>(എം.ബുക്ക് നം.93/19-20) | വാട്ടർ മീറ്റർ<br>ബിൽ നം. 20000913, തിയതി 07.09.2020, മഹാലക്ഷ്മി ഇലക്ട്രിക്കൽസ് - 49,500രൂപ വാട്ടർ മീറ്റർ ബോക്സ് - ബിൽ നം. 175, തിയതി 07.09.2020, രക്ഷ ആർ.സി.സി - 10,500രൂപ | 12%- 7,200 | 7,200 |
| 5 | 215/20-21- കൊറക്കാന | മോട്ടോർ ആന്റ് ആക്സസറീസ്- | 1 എച്ച്.പി മോട്ടോർ | 1 എച്ച്.പി മോട്ടോർ | 12%- 4,860 | 4,860 |

| | | | | | | |
|---|---|---|---|---|---|---|
| | കുടിവെള്ള പദ്ധതിക്കും പല അങ്കണവാടികൾക്കും ബോർവെൽ കരാറുകാരൻ- റസാഖ് എം.എച്ച്. ബിൽ നം. 9700456439 തിയതി 21.08.2020, തുക - 2,20,984 രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 92,000 (എസ്റ്റിമേറ്റ് നം. 2020/9727) | ബിൽ നം. എൽ.0321, തിയതി 20.06.2020, വിജയ മാർക്കറ്റിങ്ങ്- 40,500 രൂപ (എം.ബുക്ക് നം. 61/19-20) | ബിൽ നം. എൽ.0321, തിയതി 20.06.2020, വിജയ മാർക്കറ്റിങ്ങ്- 40,500 രൂപ | | |
| | | | | | | 23,575 |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.17/തിയതി 02.09.2021 മുഖേന വിശദീകരണങ്ങൾ ആരാഞ്ഞെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈ പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2020-2021 | 24.08.2021 & 25.08.2021 | അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,25,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 2,25,000 | 0 |
| | | 7,65,000 | നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി | 7,65,000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 4,00,000 | പാലിന് സബ്സിഡി | 0 | 4,00,000 |
| | | 7,65,000 | നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി | 0 | 7,65,000 |
| | | 4,00,000 | പാലിന് സബ്സിഡി | 1,48,557 | 2,51,443 |
| | | 50,000 | സൗജന്യ ഊണിനുള്ള സഹായം | 0 | 50,000 |
| | | 1,00,000 | പ്രതിരോധ , പരിരക്ഷാ പ്രവർത്തനങ്ങൾ | 0 | 1,00,000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000 | 0 |
| | | 5,00,000 | നെൽകൃഷിക്ക് കൂലി ചിലവ് സബ്സിഡി | 5,00,000 | 0 |
| | | 2,50,000 | പാലിന് സബ്സിഡി | 1,99,998 | 50,002 |
| | | 8,00,000 | ലൈഫ് ഭവന പദ്ധതി | 1,20,000 | 6,80,000 |
| | | 1,00,000 | സാന്ത്വന പരിചരണ പദ്ധതി | 88,131 | 11,869 |
| | | 300000 | ലൈഫ് ഭവന പദ്ധതി | 0 | 3,00,000 |
| | | 4,54,182 | നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി | 4,12,295 | 41,887 |
| | | 57,331 | പാലിന് സബ്സിഡി | 52,518 | 4,813 |
| | | 7,00,000 | പരപ്പ ചെണ്ടമൂല കുടിവെള്ള പദ്ധതി | 7,00,000 | 0 |
| | | 1,50,000 | സാന്ത്വന പരിചരണ പദ്ധതി | 0 | 1,50,000 |
| | | 1,87,500 | തരിശ് ഭൂമിയിൽ നെൽകൃഷി | 1,32,438 | 55,062 |
| | | 55,082 | നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി | 0 | 55,062 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 296/21 വൈദ്യുതി കണക്ഷന് കെ.എസ്.ഇ.ബി. യിൽ പണംഅടക്കൽ | 22000930 / 22.02.21 | 200,000 | 0 | 200,000 |
| PWD | 295/21 പി.എച്ച്. സി. പുതിയ കെട്ടിടം വൈദ്യുതീകരണം | 22000480/02-10-20 | 17,827 | 17,827 | 0 |
| | | 22000481/02-10-20 | 73,719 | 73,719 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | Pwd ക്ക് തുക കൈമാറൽ | 2200918/20-02-21 | 38,145 | 38,145 | 0 |
| | | 22000512/06.11.20 | 5,002 | 5,002 | 0 |
| | | 22000596/03.12.20 | 30,306 | 30,306 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം. എസ്) നം. 68/ 2018/ ത.സ്വ. ഭ.വ., തിയതി 18.05.2018 | 67,20,000 | 67,20,000 | 17,53,451 | 0 | 49,66,549 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-2015 | 2-2 | 2016-2017 | അദ്ധ്യായം1 അനുബന്ധം3 | വസ്തുനികുതി | തുടരുന്നു |
| 2014-15 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-2016 | 2.3,2.4 | 2016-2017 | അദ്ധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 3-3 | 2016-17 | അദ്ധ്യായം 6 (ബി) | ആശ്രയ പദ്ധതി – അർഹരായ ഗുണഭോക്താക്കളും, ഫണ്ടും,ലഭ്യമായിട്ടും | തുടരുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പദ്ധതി നടപ്പിലാക്കുന്നില്ല | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,76,24,743 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,05,02,924 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23,575 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,95,217 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 23,575 | സതീശൻ എം.കെ, അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 1,60,778 | ഡോ.സരള, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-30 | 50,501 | ഡോ.സരള, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-31 | 13,500 | ഡോ.സരള, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-32 | 4,00,000 | ഡോ.സരള, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-33 | 25,000 | ഡോ.സരള, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-34 | 98,977 | ഡോ.ഖിൽ ജോർജ്ജ്, വെറ്ററിനറി സർജൻ |
| 1-36 | 8,46,461 | സതീശൻ എം.കെ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 15,95,217 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പര് | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 22,664 | ഗീതാകുമാരി ആർ.,സെക്രട്ടറി |
| 1-38 | 45,968 | ബിന്ദു.കെ.എം., ഐ.സി. ഡി. എസ്. സൂപ്പർവൈസർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സതീശൻ എം.കെ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, ദേലംപാടി ഗ്രാമപഞ്ചായത്ത് | മലംകന്ദ.വീട് ബേടട്ക പി.ഒ കാസറഗോഡ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88,88-89 | എൽ.എഫ്.സി 7-621/93 തിയതി.12-04-94 | 23 |
| 1989-90,90-91 | എൽ.എഫ്.കെ.എസ്.ഡി.1-253/96 തിയതി 06-06-96 | 16 |
| 1991-92 To 1993-94 | എൽ.എഫ്.കെ.എസ്.ഡി.5-342/00/തിയതി.01-07-02 | 18 |
| 1994-95, 95-96 | എൽ.എഫ്.കെ.എസ്.ഡി14-356/05.തിയതി. 03-03-06 | 14 |
| 1996 -97 | എൽ.എഫ്.കെ.എസ്.ഡി.5-560/98, തിയതി.15.01.2002 | 10 |
| 1997-1998 | എൽ.എഫ്.കെ.എസ്.ഡി.5-11/03 തിയതി.30-05-03 | 15 |
| 1998-1999 | എൽ.എഫ്.കെ.എസ്.ഡി.5-431/03 തിയതി.30-04-05 | 12 |
| 1999-2000 Plan | എൽ.എഫ്.കെ.എസ്.ഡി.5-626/03 തിയതി.01-10-05 | 10 |
| 1999-2000 Final | എൽ.എഫ്.കെ.എസ്.ഡി.5-555/05 തിയതി.14-07-07 | 11 |
| 2000-2001 Plan | എൽ.എഫ്.കെ.എസ്.ഡി.5-627/03 തിയതി.01-10-05 | 4 |
| 2000-2001 ഫൈനൽ | എൽ.എഫ്.കെ.എസ്.ഡി.4- | 3 |

| | | |
|---|---|---|
| | 983/2008, തിയതി.02.04.2009 | |
| 2001-2002 Plan | എൽ.എഫ്.കെ.എസ്.ഡി.5-628/03 തിയതി.01-10-05 | 2 |
| 2001-2002 Final | എൽ.എഫ്.കെ.എസ്.ഡി.4-992/08 തിയതി.02-04-09 | 4 |
| 2002-2003 | എൽ.എഫ്.കെ.എസ്.ഡി.4-983(A)/08 തിയതി26-06-09 | 6 |
| 2003- 2004 | എൽ.എഫ്.കെ.എസ്.ഡി.4-213/09 തിയതി.11.5.10 | 17 |
| 2004- 2005 | എൽ.എഫ്.കെ.എസ്.ഡി.3-137/11 തിയതി.20-10-11 | 5 |
| 2005-2006 | എൽ.എഫ്.കെ.എസ്.ഡി.3-249/11 തിയതി.20-10-11 | 11 |
| 2006-2007 | എൽ.എഫ്.കെ.എസ്.ഡി.6-513/2013, തിയതി12.08.2013 | 5 |
| 2007-2008 | എൽ.എഫ്.കെ.എസ്.ഡി.4-923/11 തിയതി.29-09-12 | |
| 2008-2009, 2009-2010 & 2010-2011 | എൽ.എഫ്.കെ.എസ്.ഡി.4-705/12തിയതി.06-05-13 | 10 |
| 2011-2012 | എൽ.എഫ്.കെ.എസ്.ഡി.6-475/13, തിയതി.19.11.2013 | 9 |
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി.7-31/15 തിയതി.11-06-15 | 18 |
| 2014-15 | കെ.എസ്.എ/കെ.എസ്.ഡി.7-1014/15 തിയതി.13-10-15 | 15 |
| 2015-16 | കെ.എസ്.എ/കെ.എസ്.ഡി.7-1051/16 തിയതി.15-10-2016 | 15 |
| 2016-17 | കെ.എസ്.എ/കെ.എസ്.ഡി.7-755/2017തിയതി.05.07.2017 | 26 |
| 2017-18 | കെ.എസ്.എ/കെ.എസ്.ഡി.7-1290/2018, തിയതി.06.12.2018 | 13 |
| 2018-19 | കെ.എസ്.എ/കെ.എസ്.ഡി.7-19/2020 തിയതി.19-01-2020 | 7 |
| 2019-20 | കെ.എസ്.എ/കെ.എസ്.ഡി.7-604/2021 തിയതി.28.09.2021 | 27 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2020-21

| | | | |
|---|---|---|---|
| | Delampady Grama Panchayat INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1975870.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 389986.00 |
| 140000000 | Fee & User Charges | I-4(b) | 405155.00 |
| 150000000 | Sale & Hire Charges | I-5(b) | 28724.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 112391713.00 |
| 171000000 | Interest Earned | I-8 | 230591.00 |
| 180000000 | Other Income | I-9 | 402.00 |
| | Total Income | | 115422441.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8648174.00 |
| 220000000 | Administrative Expenses | I-11(b) | 1077162.00 |
| 230000000 | Operations & Maintenance | I-12(b) | 1530610.00 |
| 240000000 | Interest & Finance Charges | I-13 | 2085.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7890013.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 64880082.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3112501.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2352000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 9547800.00 |
| 255000000 | Maintenance Projects | I-14(e) | 14862526.00 |
| | Total Expenditure | | 113902953.00 |
| | Gross Surplus/ Deficit of income over Expenditure | | 1519488.00 |
| | | | |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | -2646205.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4165693.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## 4

## റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2020-21

| Delampady Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23194241.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 558400.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 368555.00 |
| 150000000 | Sale & Hire Charges | RP-5 | 28724.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 79703229.00 |
| 171000000 | Interest Earned | RP-9 | 230591.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6687399.00 |
| 350000000 | Other Liabilities | RP-36 | 118229.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 402.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 562204.00 |
| 350000000 | Other Liabilities | RP-36 | 282968.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1842846.00 |
| | Grand total | | 113578788.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2845779.00 |
| 220000000 | Administrative Expenses | RP-12 | 1077162.00 |
| 230000000 | Operations & Maintenance | RP-13 | 1530610.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7473013.00 |
| | | | |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-16 | 23187004.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3529501.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 2303582.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 347600.00 |
| 255000000 | Maintenance Projects | RP-20 | 14862526.00 |
| 280000000 | Prior Period item | RP-26 | 13620.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 498477.00 |
| 350000000 | Other Liabilities | RP-36 | 3789932.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2085.00 |
| 340000000 | Deposits Received | RP-34 | 39408.00 |
| 350000000 | Other Liabilities | RP-36 | 1535731.00 |
| 410000000 | Fixed Assets | RP-38 | 15649237.00 |
| 412000000 | Capital work in Progress | RP-40 | 10603696.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12802128.00 |
| 460000000 | Loans, Advances and Deposits | RP-47 | 1171637.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 10276627.00 |
| Cash | Cash | RP-40(b) | 39433.00 |
| | Grand Total | | 113578788.00 |

## 5

## 31.03.2021 ലെ ബാലൻസ് ഷീറ്റ്

| Delampady Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -4274455.70 |
| 312000000 | Reserves | B-3 | 112771096.00 |
| | Total Reserve & Surplus | | 108496640.30 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8259193.00 |
| | Total Grants, Contributions for Specific Purposes | | 8259193.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4966549.00 |
| | Total Loans | | 4966549.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 628149.00 |
| 350000000 | Other Liabilities | B-9 | 1733791.30 |
| | Total Current Liabilities and Provisions | | 2361940.30 |
| | TOTAL LIABILITIES | | 124084322.60 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 158629130.00 |
| 411000000 | Accumulated Depreciation | B-11 | -63280375.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 95348755.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 4290.00 |
| 431000000 | Sundry Debtors (Receivables) | B-15 | 12821012.60 |
| 440000000 | Pre-paid Expenses | B-16 | 4966549.00 |
| 450000000 | Cash and Bank Balance | B-17 | 10316060.00 |
| 460000000 | Loans, Advances and Deposits | B-18 | 627656.00 |
| | Total Current Assets, Loans and Advances | | 28735567.60 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | | | |